കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി,

# തിരുവനന്തപുരം

# ഓഡിറ്റ് റിപ്പോർട്ട് 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

e-mail: lfadtvm@yahoo.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം/ മിസ്1/ 1402/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം-695001.
e-Mail: lfadtvm@yahoo.in

Phone : 0471 2331231

തീയതി.19.02.2021

ജോയിന്റ് ഡയറക്ടർ.

സെക്രട്ടറി,

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി,

തിരുവനന്തപുരം.

സർ,

വിഷയം : കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ 2017-18 സാമ്പത്തിക വർ ഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അനന്തര നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ.

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം/ മിസ്1/1402/2020

തിയതി:19.02.2021

# കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

( 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ് , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, ചലച്ചിത്ര അക്കാദമിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ സെക്ഷൻ 22 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

*****

## ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എ. മുഹമ്മദ് നിസാർ,<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.11.2020 മുതൽ<br>20.11.2020 വരെ |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ. മനേഷ്.ബി.എച്ച്. | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി വാലന്റീന.എം. | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി ബിന്ദു.ഒ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി ലേഖ.എം.എൽ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. പ്രേംനാഥ്.ജി.കെ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.ശ്യാംകുമാർ.എസ്.ബി. | ഓഡിറ്റർ |
| ശ്രീ. ഷെഹിൻ.എം.എസ്. | ഓഡിറ്റർ |

## ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ

| | പേര് | കാലയളവ് |
|---|---|---|
| ചെയർമാൻ | ശ്രീ. കമൽ | 01.04.2017 മുതൽ<br>31.03.2018 വരെ |
| സെക്രട്ടറി | ശ്രീ. മഹേഷ്.ബി. (പഞ്ചു) | 01.04.2017 മുതൽ<br>31.03.2018 വരെ |
| ട്രഷറർ | ശ്രീ. സുൽഫിക്കർ റഹ്മാൻ | 01.04.2017 മുതൽ<br>26.01.2018 വരെ |
| | ശ്രീ. മുഹമ്മദ് റിജാം | 27.01.2018 മുതൽ<br>31.03.2019 വരെ |

| | | |
|---|---|---|
| ഡെപ്യൂട്ടി ഡയറക്ടർ (ഫെസ്റ്റിവൽ) | | 01.04.2017 മുതൽ 31.05.2017 വരെ (ഒഴിഞ്ഞു കിടന്നു) |
| | ശ്രീ. ഷാജി.എച്ച്. | 01.06.2017 മുതൽ 31.03.2018 വരെ |
| ഡെപ്യൂട്ടി ഡയറക്ടർ (പ്രോഗ്രാം) | | 01.04.2017 മുതൽ 25.05.2017 വരെ (ഒഴിവ്) |
| | ശ്രീ. സജീഷ്.എൻ.പി. | 26.05.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം- 1<br>പൊതു അവലോകനം | |
| 1 | ആമുഖം | 1-1 |
| 2 | ഓഡിറ്റിന്റെ വ്യാപ്തി | 1-2 |
| 3 | ഗ്രാന്റുകൾ | 1-3 |
| 4 | അക്കൗണ്ടിംഗിലും വാർഷികധനകാര്യ പത്രിക, ക്യാഷ് ബുക്ക് എന്നിവ തയ്യാറാക്കുന്നതിലും ഗുരുതരമായ പിഴവുകൾ | 1-4 |
| 5 | സർവ്വീസ് ചട്ടങ്ങൾ, സ്പെഷ്യൽ റൂൾസ് എന്നിവ രൂപീകരിച്ചിട്ടില്ല | 1-5 |
| | ഭാഗം-2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 6 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ | 2-1 |
| 7 | വരവ് തുകകൾ കൈവശം സൂക്ഷിച്ച് നേരിട്ട് ചെലവഴിച്ചു | 2-2 |
| 8 | വരവ് തുക അക്കൗണ്ട് ചെയ്തിട്ടില്ല | 2-3 |
| 9 | സർവ്വീസ് ചാർജിനത്തിൽ കുടിശ്ശിക – 1,56,58,532 രൂപ- ഈടാക്കാൻ നടപടി അനിവാര്യം | 2-4 |
| 10 | സർവ്വീസ് ചാർജ് - തുക അക്കൗണ്ടിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ അവശേഷിക്കുന്നു | 2-5 |
| | ഭാഗം-3<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 11 | മുൻകൂറുകൾ ക്രമീകരിക്കുന്നില്ല. | 3-1 |
| 12 | നാഷണൽ മിഷൻ ഓൺ കൾച്ചറൽ മാപ്പ് - തുടർ നടപടി അവശേഷിക്കുന്നു | 3-2 |
| 13 | ഇരുപത്തി രണ്ടാം അന്താരാഷ്ട്ര ചലച്ചിത്രോത്സവം - എയർ ട്രാവൽ സർവീസ് നടത്തിയതിലെ അപാകങ്ങൾ | 3-3 |
| 14 | അന്താരാഷ്ട്ര ചലച്ചിത്രോത്സവം - ഉദ്ഘാടന ചടങ്ങ് - മുൻകൂർ തുക ക്രമീകരിച്ചില്ല | 3-4 |
| 15 | അന്താരാഷ്ട്ര ചലച്ചിത്രോത്സവം - ഡെലിഗേറ്റ് രജിസ്ട്രേഷൻ, സീറ്റ് റിസർവേഷൻ സോഫ്റ്റ്‌വെയർ തയ്യാറാക്കിയതിലെ അപാകങ്ങൾ | 3-5 |

| | | |
|---|---|---|
| 16 | അന്താരാഷ്ട്ര ചലച്ചിത്രോത്സവം - തിയേറ്ററുകൾ വാടകക്കെടുത്തതുമായി ബന്ധപ്പെട്ട് തുക ചെലവഴിച്ചതിലെ അപാകത | 3-6 |
| 17 | അന്താരാഷ്ട്ര ചലച്ചിത്രോത്സവം - തിയേറ്റർ വോളണ്ടിയേഴ്സിന് വേതനം നല്കിയത് - മുഴുവൻ രേഖകളും ഹാജരാക്കിയില്ല | 3-7 |
| 18 | അന്താരാഷ്ട്ര ചലച്ചിത്രോത്സവം - വോളണ്ടിയേഴ്സ് ഓവർകോട്ട് - ക്വട്ടേഷൻ കൂടാതെ വാങ്ങൽ നടത്തി | 3-8 |
| 19 | പി.ഭാസ്കരൻ പ്രതിമ - നിർമ്മാണം - അധികച്ചെലവ് | 3-19 |
| 20 | സംസ്ഥാന ചലച്ചിത്ര അവാർഡ് - 2016 - നടപടിക്രമങ്ങളിലെ അപാകതകൾ | 3-10 |
| 21 | TDS യഥാസമയം ഒടുക്കുന്നില്ല. | 3-11 |
| 22 | ചലച്ചിത്ര അക്കാദമി സ്ഥിതി ചെയ്യുന്ന സ്ഥലം - കൈമാറൽ നിയമപരമായിട്ടില്ല – എഗ്രിമെന്റിൽ നിന്ന് മാറി പാട്ടകരാർ തയ്യാറാക്കിയിട്ടില്ല | 3-12 |
| 23 | ഹാബിറ്റാറ്റ് മുഖേന നിർമ്മിച്ച കെട്ടിടം - സെന്റേജ് ചാർജിൽ കുറവ് വരുത്താൻ ശ്രമങ്ങൾ ഉണ്ടാകണം | 3-13 |
| | ഭാഗം-4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 24 | സാമ്പത്തിക നില | 4-1 |
| 25 | ഓഡിറ്റ് ചാർജ് | 4-2 |
| 26 | ഓഡിറ്റ് പ്രത്യവലോകനം | 4-3 |


# ഭാഗം -1

# പൊതു അവലോകനം

## 1-1 ആമുഖം

1955ലെ ട്രാവൻകൂർ കൊച്ചിൻ ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് റഗുലേഷൻ ആക്ട് പ്രകാരം ജി.ഒ. (എം.എസ്) 17/98/സി.എ.ഡി. തീയതി 27.03.1998-ാം നമ്പർ ഉത്തരവ് പ്രകാരം ദൃശ്യ മാധ്യമങ്ങളുടെ വികസനം, പുരോഗതി എന്നിവ സംബന്ധിച്ച പ്രവർത്തനങ്ങൾക്കുവേണ്ടി തിരുവനന്തപുരം ആസ്ഥാനമായി കേരള ചലച്ചിത്ര അക്കാദമിക്ക് സർക്കാർ രൂപം നൽകി.

**ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും**

| | |
|---|---|
| 1 | ചലച്ചിത്ര /ടെലിവിഷൻ അനുബന്ധ പ്രവർത്തനങ്ങൾ സംബന്ധിച്ച നയരൂപീകരണത്തിൽ സർക്കാരിനെ സഹായിക്കുക. |
| 2 | ഫിലിം, വീഡിയോ എന്നിവയുടെ പുരാവസ്തു ശേഖരം (ആർക്കൈവ്സ്) സ്ഥാപിക്കുക. |
| 3 | മലയാള ചലച്ചിത്രങ്ങളുടെ വികസനത്തിലൂന്നി അന്താരാഷ്ട്ര നിലവാരത്തിൽ ചലച്ചിത്രോത്സവങ്ങൾക്കായി ഒരു ഡയറക്ടറേറ്റിനും ചലച്ചിത്ര ഗവേഷണം വ്യാപിപ്പിക്കുന്നതിന് പര്യാപ്തമായ ഓഡിയോ വിഷ്വൽ ലൈബ്രറിക്കും രൂപം നൽകുക. |
| 4 | ചലച്ചിത്രത്തിനും വീഡിയോ പരിപാടികൾക്കും സംസ്ഥാന തലത്തിൽ അവാർഡ് നിർണയം, അവയുടെ വിതരണ നടത്തിപ്പ് എന്നിവ നിർവ്വഹിക്കുക. |
| 5 | സിനിമ വ്യവസായ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സിനിമ വ്യവസായത്തേയും സർക്കാരിനേയും ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായി വർത്തിക്കുക. |

| | |
|---|---|
| 6 | അർഹതപ്പെട്ട മലയാള ചലച്ചിത്രങ്ങൾക്ക് സബ്സിഡി ലഭ്യമാക്കുക |
| 7 | കുട്ടികൾക്കായുള്ള ചലച്ചിത്രങ്ങളെ പ്രൊമോട്ട് ചെയ്യുകയും അവ സ്കൂളുകളിലും സാംസ്കാരിക കേന്ദ്രങ്ങളിലും പ്രദർശിപ്പിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക. |
| 8 | വിവിധ സംഘങ്ങളിൽ ചലച്ചിത്രാസ്വാദക പഠനക്യാമ്പുകൾ സംഘടിപ്പിക്കുക. |
| 9 | ഫിലിം സൊസൈറ്റികൾക്ക് ഗ്രാന്റും മറ്റ് സഹായങ്ങളും നൽകുക. |
| 10 | സംസ്ഥാനത്തിനകത്തും പുറത്തുമുള്ള ചലച്ചിത്ര പ്രതിഭകളെ ആദരിക്കുക. |
| 11 | സിനിമയുമായി ബന്ധപ്പെട്ട് ഗവേഷണ സൗകര്യങ്ങളോടുകൂടിയ ലൈബ്രറി സ്ഥാപിക്കുക, പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുക. |
| 12 | സിനിമ - ടെലിവിഷൻ രംഗത്തെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സെമിനാറുകൾ, കോൺഫറൻസുകൾ എന്നിവ സംഘടിപ്പിക്കുക. |

## 1-2 ഓഡിറ്റിന്റെ വ്യാപ്തി

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ഓഡിറ്റിന് വിധേയമാക്കി. സ്ഥാപനം ലഭ്യമാക്കിയ രേഖകളുടെയും സമർപ്പിച്ച മറുപടികളുടെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയത്. സ്ഥാപനം സമർപ്പിച്ച തെറ്റായ വിവരങ്ങളുടെയോ ലഭ്യമാക്കാത്ത വിവരങ്ങളുടെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരുവിധ ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല. കേരള ചലച്ചിത്ര അക്കാദമി റൂൾസ് 1998, റൂൾ 22 പ്രകാരം വാർഷിക കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിന് സംസ്ഥാന ഓഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തിയിരിക്കുന്നു.

## 1-3 ഗ്രാന്റുകൾ

കേരള ചലച്ചിത്ര അക്കാഡമിക്ക് 2017-18 വർഷം ലഭിച്ച ഗ്രാന്റുകളുടെ വിവരം ചുവടെ ചേർക്കുന്നു.

<u>പ്ലാൻ ഗ്രാന്റ്</u>

| ക്രമ നമ്പർ | ഉത്തരവ് നമ്പർ/ തീയതി | തുക |
|---|---|---|
| 1 | ജി ഒ (ആർ ടി )നം 559/2017 CAD തീയതി 17.9.17 | 188,33,333 |
| 2 | ജി ഒ (ആർ ടി )നം 92/2018 CAD തീയതി 21.2.18 | 212,00,000 |
| 3 | ജി ഒ (ആർ ടി )നം 207/2018 CAD തീയതി 23.3.18 | 1,64,66,667 |

<u>സാലറി നോൺ പ്ലാൻ ഗ്രാന്റ്</u>

| | | |
|---|---|---|
| 1 | ജി ഒ (ആർ ടി )നം 598/2017 CAD തീയതി 17.10.17 | 33,33,333 |
| 2 | ജി ഒ (ആർ ടി )നം 40/2018CAD തീയതി 25.1.18 | 22,22,222 |
| 3 | ജി ഒ (ആർ ടി )നം 130/2018 CAD തീയതി 12.2.18 | 44,44,445 |

നോൺ സാലറി നോൺ പ്ലാൻ ഗ്രാന്റ്

| | | |
|---|---|---|
| 1 | ജി ഒ (ആർ ടി )നം 598/2017 CAD തീയതി 17.10.17 | 68,35,333 |
| 2 | ജി ഒ (ആർ ടി )നം 40/2018 CAD തീയതി 25.1.18 | 45,56,889 |
| 3 | ജി ഒ (ആർ ടി )നം 130/2018 CAD തീയതി 12.2.18 | 91,13,778 |

IFFK നോൺ പ്ലാൻ ഗ്രാന്റ്

| | | |
|---|---|---|
| 1 | ജി ഒ (ആർ ടി )നം 755/2017 CAD തീയതി 21.12.2017 | 50,00,000 |
| 2 | ജി ഒ (ആർ ടി )നം 237/2018 CAD തീയതി 27.03.2018 | 10,00,000 |

## 1-4 അക്കൌണ്ടിംഗിലും വാർഷികധനകാര്യ പത്രിക, ക്യാഷ് ബുക്ക് എന്നിവ തയ്യാറാക്കുന്നതിലും ഗുരുതരമായ പിഴവുകൾ

1)2017-18 വർഷം 31.01.2018 വരെ ക്യാഷ് ബുക്ക് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. (01.02.2018 മുതൽ ആരംഭിച്ച മാന്വൽ ക്യാഷ് ബുക്കിൽ ദിനാന്ത്യ, മാസാന്ത്യ, വർഷാന്ത്യ ക്ലോസിംഗ് നടത്തിയിട്ടില്ല). ക്യാഷ് ബുക്ക് അതാത് ദിവസത്തെ വരവു ചെലവുകൾ രേഖപ്പെടുത്തി ദിനാന്ത്യ/മാസാന്ത്യ/വർഷാന്ത്യ ക്ലോസിംഗ് നടത്തേണ്ടതാണ്.

2)ക്യാഷ് ബുക്ക് പ്രകാരമുള്ള മുന്നിരിപ്പ്- നീക്കിയിരിപ്പുകൾക്ക് പകരം ബാങ്ക് അക്കൌണ്ടുകൾ പ്രകാരമുള്ള മുന്നിരിപ്പ് നീക്കിയിരിപ്പുകളാണ് AFSൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ( SBT 25382 ഒഴികെ) ക്യാഷ് ബുക്കിൽ ഓരോ ദിവസത്തെയും യഥാർത്ഥ മുന്നിരിപ്പ്-നീക്കിയിരിപ്പ് തുകകൾ രേഖപ്പെടുത്തേണ്ടതാണ്.

3) SBTകോട്ടയം എന്ന അക്കൗണ്ടിൽ ഓപ്പണിംഗ് / ക്ലോസിംഗ് ബാലൻസായി 3057/- രൂപ അവശേഷിക്കുന്നു. പ്രസ്തുത അക്കൗണ്ടിനെക്കുറിച്ചുള്ള വിവരം ലഭ്യമല്ല. പ്രസ്തുത അക്കൗണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും നിലവിൽ ഉപയോഗത്തിലില്ലാത്ത അക്കൗണ്ടാണെങ്കിൽ ആയത് ക്ലോസ് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

4) 2017-18 വർഷം അക്കൗണ്ട്സ് പ്രകാരം 4595921/- രൂപ FD ഉണ്ട്. എന്നാൽ FD യുടെ വിവരം പരിശോധിക്കുന്നതിനാവശ്യമായ രേഖകളോ രജിസ്റ്ററോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. സ്ഥിരനിക്ഷേപങ്ങളുടെ രസീതുകളും രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

5) 18.05.2018ൽ ക്യാഷ് ബുക്ക് പ്രകാരം മുന്നിരിപ്പ് 2,115/- രൂപയും വരവ് 1,000/- രൂപയുമാണ്. എന്നാൽ പ്രസ്തുത ദിവസത്തെ ക്യാഷ് ഡെപ്പോസിറ്റ് 22,493/- രൂപയാണ്. മാത്രമല്ല ക്യാഷ് ചെലവ് 546/- രൂപയും ചേർത്ത് അന്നത്തെ ആകെ ചെലവ് 23,039/- രൂപയാണ്. കണക്കിലില്ലാത്ത 19,924/- രൂപ ഡെപ്പോസിറ്റ് ചെയ്തതായും കാണുന്നു.

6) Advance Staff എന്ന ഹെഡിൽ 14,23,157/- രൂപ നീക്കിയിരിപ്പുണ്ട്. പ്രസ്തുത തുകയുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

7)സർവ്വീസ് ചാർജ്ജിനത്തിലെ കുടിശ്ശിക വാർഷിക അക്കൌണ്ടിൽ പ്രതിഫലിക്കുന്നില്ല.

സർവ്വീസ് ചാർജിനത്തിലെ കുടിശ്ശിക തുകയായ 1,56,58,532/- രൂപ 2017-18 വർഷത്തെ അക്കൗണ്ടിൽ (ബാലൻസ് ഷീറ്റ്) പ്രതിഫലിച്ചിട്ടില്ല (ബാലൻസ് ഷീറ്റിൽ സർവ്വീസ് ചാർജ് ഹെഡ് ഉൾപ്പെടുത്തിയിട്ടില്ല). ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിനം.6/18.11.20 ന് മറുപടിയായി വിഷയത്തിലെ തുടർ നടപടിക്ക് ഇന്റേണൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് . തുടർ നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

8) 01.02.2018ൽ റ്റാലി അക്കൗണ്ട്സിലെ ക്യാഷ് ഓപ്പണിംഗ് ബാലൻസായി 17,47,401/- രൂപ രേഖപ്പെടുത്തിയിരിക്കുന്നുവെന്നും ഇതിനുശേഷം 18.05.2018ൽ ക്ലോസിംഗ് ബാലൻസായി 164/- രൂപ കൈമാറിയതുവരെ വിവിധ ക്യാഷ് പേയ്മെന്റുകൾ ട്രഷററെ ബോധ്യപ്പെടുത്താതെ റ്റാലി സിസ്റ്റത്തിൽ രേഖപ്പെടുത്തിയിരിക്കുന്നുവെന്നും 27.01.2018ൽ ചുമതലയേറ്റെടുത്ത ട്രഷറർ 13.08.2018ൽ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ആയതിനാൽ റ്റാലി സിസ്റ്റത്തിൽ തയ്യാറാക്കിയ 17-18 വർഷത്തെ അക്കൗണ്ട്സ് അംഗീകരിക്കാൻ കഴിയില്ലെന്നും അറിയിച്ചിട്ടുണ്ട്. (എന്നാൽ ഓഡിറ്റിനായി ലഭ്യമാക്കിയ റ്റാലി അക്കൗണ്ട്സിലെ 01.02.2018ലെ ക്യാഷ് ഓപ്പണിംഗ് ബാലൻസ് 17,45,553/- രൂപയാണ്). തുടർനടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല.

9) 2017-18 Audited Tally Accounts പ്രകാരം നീക്കിയിരിപ്പ് 6,06,455/- രൂപയാണ്. പ്രസ്തുത അക്കൗണ്ട്സ് Lock ചെയ്തിട്ടില്ല. 2017-18 Locked Tally Accounts പ്രകാരം നീക്കിയിരിപ്പ് 6,27,543/- രൂപയാണ്.

10) ട്രഷററുടെ 31.05.2018ലെ കുറിപ്പിൽ സർക്കാർ ചട്ടങ്ങൾ പ്രകാരം യഥാവിധി പേയ്മെന്റ് വൌച്ചറുകൾ, രജിസ്റ്ററുകൾ, ക്യാഷ് ബുക്ക് തുടങ്ങിയവ 17-18 വർഷം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലായെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കാലയളവിലെ പേയ്മെന്റ് വൗച്ചറുകൾ പോലും ഇല്ലാത്തത് വളരെ ഗുരുതരമായ വിഷയമാണ് എന്നും സൂചിപ്പിച്ചിട്ടുണ്ട്.

അക്കാദമി 26.01.2018 വരെ നടത്തിയ ഏകദേശം ഏഴ് കോടിയിൽപ്പരം രൂപയുടെ ചെലവിനാസ്പദമായ വൗച്ചറുകൾ തയ്യാറാക്കുകയോ ആയത് റിക്കോഡ് കീപ്പർക്ക് കൈമാറുകയോ ചെയ്തതായി കാണുന്നില്ലായെന്നും രേഖകൾ ക്രമപ്രകാരം പൂർത്തിയാക്കി 15.06.2018നു മുൻപായി റെക്കോർഡ് കീപ്പർക്ക് കൈമാറണമെന്നും പ്രസ്തുത കാലയളവിലെ ട്രഷറർ (ശ്രീ. സുൽഫിക്കർ റഹ്മാൻ), അക്കൗണ്ടന്റ് (ശ്രീ. പത്മകുമാർ.പി.ആർ), പ്രോഗ്രാം മാനേജർ -ഫിനാൻസ് (ശ്രീ. രാധാകൃഷ്ണൻ.എം) എന്നിവർക്ക് സെക്രട്ടറി 02.06.2018ൽ അറിയിപ്പ് നൽകിയിട്ടുണ്ട്. തുടർനടപടികളുടെ വിശദാംശം ലഭ്യമാക്കിയില്ല.

11)ഓഡിറ്റിനായി ലഭ്യമാക്കിയ വൌച്ചറുകൾ ആധികാരികമാക്കിയിട്ടില്ല. ഭൂരിഭാഗം വൗച്ചറുകളിലും സബ് വൗച്ചറുകൾ/ അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല. ഇക്കാരണത്താൽ ചെലവിന്റെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
12) വാർഷിക ധനകാര്യപത്രികയിൽ റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ടിൽ റിസീവബിൾസ് റിസീവ്ഡ് 7,27,148/- രൂപയും Other Receipts ആയി 8,88,945/- രൂപയും Other Collections 11,95,570/- രൂപയും രേഖപ്പെടുത്തിയിരിക്കുന്നു. മേൽ സൂചിപ്പിച്ച 3 വരവിനങ്ങളുടെയും സബ്ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത തുക ഏതിനത്തിലുള്ള വരവുകളാണെന്ന് വിശദമാക്കുന്ന യാതൊരു രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനങ്ങളിലുള്ള വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
വാർഷിക ധനകാര്യപത്രിക തയ്യാറാക്കുമ്പോൾ വരവ് ചെലവ് ഇനങ്ങളുടെ കൃത്യത ഉറപ്പ് വരുത്തുന്നതിന് ഇവയുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ സബ്ഷെഡ്യൂളിൽ ഉൾപ്പെടുത്തേണ്ടതാണ്. വാർഷിക ധനകാര്യപത്രിക തയ്യാറാക്കുമ്പോൾ എല്ലാ വരവുകളും, ചെലവുകളും വിശദമായി AFS ൽ ഉൾപ്പെടുത്തേണ്ടതാണ്. 2017-18 വർഷത്തെ AFS ൽ വരവു ചെലവുകളുടെ അബ്സ്ട്രാക്റ്റ് മാത്രമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. സമഗ്രമായ വാർഷിക കണക്കുകൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 15/20.11.2020) മറുപടി ലഭ്യമാക്കിയില്ല.

## 1-5 സർവ്വീസ് ചട്ടങ്ങൾ, സ്പെഷ്യൽ റൂൾസ് എന്നിവ രൂപീകരിച്ചിട്ടില്ല

സ.ഉ.(കൈ)17/98/സാ.കാ.വ. തീയതി 27.03.1998 പ്രകാരം ചലച്ചിത്ര അക്കാദമി രൂപീകൃതമായി 20

വർഷങ്ങൾക്കിപ്പുറവും ചലച്ചിത്ര അക്കാദമിയുടെ സുഗമമായ പ്രവർത്തനത്തിന് ജീവനക്കാരെ നിയമിക്കുന്നതിനും അവരുടെ സേവന വേതന വ്യവസ്ഥകൾ നിർണയിക്കുന്നതിനും അനുപേക്ഷണീയമായ സർവ്വീസ് ചട്ടങ്ങൾ, സ്പെഷ്യൽ റൂൾസ് എന്നിവ രൂപീകരിച്ചിട്ടില്ല. അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)സ.ഉ.(കൈ)02/99/സാം.കാ.വ. തീയതി 08.01.1999-ാം നമ്പർ ഉത്തരവ് പ്രകാരം ചലച്ചിത്ര അക്കാദമിയുടെ പ്രവർത്തനത്തിനായി ഡെപ്യൂട്ടിഡയറക്ടർ, പ്രോഗ്രാം മാനേജർ, ഡെപ്യൂട്ടി പ്രോഗ്രാം മാനേജർ, പ്രോഗ്രാമർ, പ്യൂൺ, കെയർടേക്കർ, പാർട്ട്-ടൈം സ്വീപ്പർ എന്നിങ്ങനെ 7 തസ്തികകൾ അനുവദിച്ചുകൊണ്ടും ആദ്യത്തെ 6 തസ്തികകൾക്ക് ശമ്പള സ്കെയിൽ അനുവദിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് വിവിധ കാലഘട്ടങ്ങളിലായി അക്കാദമിയുടെ അപേക്ഷ പ്രകാരം വിവിധ തസ്തികകൾ അനുവദിക്കുകയും ചില തസ്തികകൾ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം വരെയായി ആകെ 18 തസ്തികകൾക്കാണ് സർക്കാർ അംഗീകാരം ലഭിച്ചിട്ടുള്ളത്. എന്നാൽ സർക്കാർ അംഗീകാരം കൂടാതെ വിവിധ തസ്തികകൾ സൃഷ്ടിച്ച് അക്കാദമി താല്ക്കാലിക നിയമനം നടത്തിപോരുന്നു. ഇത് സംബന്ധിച്ച് 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്. അക്കാദമിയിലെ 6 താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തികൊണ്ട് പുറപ്പെടുവിച്ച 04.03.2014-ലെ സ.ഉ.(എം.എസ്)13/14/സി.എ.ഡി. നമ്പർ ഉത്തരവിൽ ഭാവിയിൽ ഇത്തരത്തിൽ താല്ക്കാലിക നിയമനങ്ങൾ നടത്താൻ പാടുള്ളതല്ല എന്ന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. MOU ഖണ്ഡിക 24 പ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ ഒരു തസ്തികയും സൃഷ്ടിക്കാൻ പാടുള്ളതല്ല. എന്നാൽ സർക്കാരിന്റെ അനുമതി കൂടാതെ തസ്തികകൾ സൃഷ്ടിക്കുന്നതും താല്ക്കാലിക നിയമനങ്ങൾ നടത്തുന്നതും നിലവിലും തുടർന്നുപോരുന്നു (അവലംബം - ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ13/19.11.2020ന്റെ വിശദീകരണം).

2)സർവ്വീസ് ചട്ടങ്ങൾ, സ്പെഷ്യൽ റൂൾസ് എന്നിവ അക്കാദമിയിൽ നിലവിൽ വന്നിട്ടില്ല. ഇതുകാരണം വിവിധ തസ്തികകളിൽ നിയമിക്കപ്പെടുന്ന ജീവനക്കാരുടെ യോഗ്യത നിശ്ചയിക്കപ്പെടുകയോ, യോഗ്യരായ ഉദ്യോഗസ്ഥർ നിയമിക്കപ്പെടുകയോ കൃത്യമായ സേവന വേതന വ്യവസ്ഥകൾ പാലിക്കപ്പെടുകയോ ചെയ്യുന്നില്ല.

3) 01.04.2013-നു ശേഷം സ്ഥിരപ്പെടുത്തിയ ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ ബാധകമാണെന്നും പ്രസ്തുത ജീവനക്കാരെ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾക്കൊള്ളിക്കാനുള്ള ശുപാർശ ഭരണവകുപ്പിന്റെ ശുപാർശയോടെ ലഭ്യമാക്കാനും സർക്കാർ 18.04.2017-ലെ എൻ.പി.എസ്.സി.എ/17/2017/ ധനകാര്യ(എൻ.പി.എസ്.സെൽ) വകുപ്പ് കത്ത് പ്രകാരം അക്കാദമിയെ അറിയിച്ചുവെങ്കിലും ഇത്തരത്തിലുള്ള സ്ഥിരം ജീവനക്കാർക്ക് എൻ.പി.എസ്. പദ്ധതി നടപ്പിലാക്കിയിട്ടില്ല. ജീവനക്കാർക്ക് ഇ.പി.എഫ്. പെൻഷൻ പദ്ധതിയാണ് അക്കാദമിയിൽ നിലവിലുള്ളത്.

മേൽ അപാകങ്ങളിന്മേൽ ആവശ്യമായ തുടർ നടപടി കൈക്കൊണ്ട് വിവരം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

1) 2017-18 വർഷം രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയില്ല. 2018-19 വർഷത്തെ സ്റ്റോക്ക് രജിസ്റ്ററിൽ രസീത് ബുക്ക് കൈപ്പറ്റുന്നവരുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ പിരിവിനായി വിതരണം ചെയ്ത എല്ലാ രസീത് ബുക്കുകളും പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമല്ല.

2017-18 വർഷം രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലായെന്നും 194, 195 എന്നീ നമ്പരുകളിലുള്ള രസീത് ബുക്കുകൾ യഥാക്രമം കോഴിക്കോട്, കോട്ടയം എന്നീ റീജിയണൽ സെന്ററുകളിലെ പിരിവിനായി 2015ൽ നൽകിയിട്ടുള്ളതും ഇപ്പോഴും ഉപയോഗത്തിലുള്ളതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2) 19201 മുതൽ 19211 വരെയുള്ള രസീതുകൾ ക്യാൻസൽ ചെയ്തിരിക്കുന്നു. എന്നാൽ ക്യാൻസൽ ചെയ്യാനുള്ള കാരണം രേഖപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല. ക്യാൻസൽ ചെയ്ത 19201-ാം നമ്പർ രസീതിന്റെ അസൽ സൂക്ഷിച്ചിട്ടില്ല.

3)2017-18 സാമ്പത്തിക വർഷാവസാനം ബാക്കിവന്ന രസീതുകൾ ക്യാൻസൽ ചെയ്യാതെ 2018-19 വർഷവും ഉപയോഗിച്ചിട്ടുണ്ട്.

4) 19258 മുതൽ 19275 വരെയുള്ള രസീതുകൾ 2018-19 വർഷത്തേക്കായി ഉപയോഗിച്ചിട്ടുണ്ട്. 19276 മുതൽ 19281 വരെയും 19287 ാം നമ്പർ രസീതും 2017-18 വർഷം ഉപയോഗിച്ചു. ഇപ്രകാരം സാമ്പത്തിക വർഷങ്ങളിൽ ക്രമപ്രകാരമല്ലാത്ത രസീതുകൾ പിരിവിന് ഉപയോഗിച്ചിരിക്കുന്നു.

ഇത്തരം തെറ്റുകൾ ആവർത്തിക്കില്ലെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.(ഓഡിറ്റ് എൻക്വയറി നമ്പർ 25/ 20.11.2020).

ഇത്തരത്തിൽ വീഴ്ച വരുത്തിയ ജീവനക്കാർക്കെതിരെ ഉചിതമായ നടപടി സ്വീകരിച്ച് തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 വരവ് തുകകൾ കൈവശം സൂക്ഷിച്ച് നേരിട്ട് ചെലവഴിച്ചു

വിവിധ തീയതികളിലെ ക്യാഷ് ബാലൻസ് പരിശോധിച്ചതിൽ വലിയ തോതിൽ തുക കൈവശം സൂക്ഷിച്ചിരുന്നതായി കണ്ടെത്തി. ഉദാഹരണമായി 30.12.2017 ൽ 18,88,536/- രൂപയും 31.12.2017ൽ 18,82,393/- രൂപയും കൈവശം വച്ചിട്ടുള്ളതായി കാണുന്നു.

2017-18 സാമ്പത്തിക വർഷത്തെ അവസാന മൂന്ന് മാസത്തിലെ ക്യാഷ് നീക്കിയിരിപ്പിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| മാസം | തുക |
|---|---|
| ജനുവരി | 17,45,553 |
| ഫെബ്രുവരി | 19,31,409 |
| മാർച്ച് | 6,06,455 |

ദിവസേനയുള്ള വരവുകൾ യഥാസമയം ബാങ്കിൽ ഒടുക്ക് വരുത്താതെ കൈവശം സൂക്ഷിച്ച് ടി തുകയിൽ നിന്ന് നേരിട്ട് ചെലവ് ചെയ്തിരിക്കുന്നു. (അവലംബം - Audited Tally Accounts)

| തീയതി | കൈവശമുള്ള മുന്നിരിപ്പ് പണം | ക്യാഷ് വരവ് | ആകെ | ക്യാഷ് ചെലവ് | കൈവശമുള്ള നീക്കിയിരിപ്പ് പണം |
|---|---|---|---|---|---|
| 01.01.2018 | 1882393 | 500 | 1882893 | 9270 | 1873623 |
| 02.01.2018 | 1873623 | 0 | 1873623 | 6533 | 1867090 |
| 03.01.2018 | 1867090 | 6000 | 1873090 | 3426 | 1869664 |
| 04.01.2018 | 1869664 | 6815 | 1876479 | 27831 | 1848648 |
| 05.01.2018 | 1848648 | 26990 | 1875638 | 4277 | 1871361 |
| 06.01.2018 | 1871361 | 200 | 1871561 | 13030 | 1858531 |

| | | | | | |
|---|---|---|---|---|---|
| 08.01.2018 | 1858531 | 100 | 1858631 | 5126 | 1853505 |
| 09.01.2018 | 1853505 | 0 | 1853505 | 39805 | 1813700 |
| 10.01.2018 | 1813700 | 16669 | 1830369 | 2511 | 1827858 |
| 11.01.2018 | 1827858 | 13720 | 1841578 | 5678 | 1835900 |
| 12.01.2018 | 1835900 | 4650 | 1840550 | 630 | 1839920 |
| 15.01.2018 | 1839920 | 0 | 1839920 | 10300 | 1829620 |
| 16.01.2018 | 1829620 | 100 | 1829720 | 31253 | 1798467 |
| 17.01.2018 | 1798467 | 0 | 1798467 | 10202 | 1788265 |
| 18.01.2018 | 1788265 | 0 | 1788265 | 69 | 1788196 |
| 19.01.2018 | 1788196 | 0 | 1788196 | 10925 | 1777271 |
| 20.01.2018 | 1777271 | 0 | 1777271 | 7991 | 1769280 |
| 22.01.2018 | 1769280 | 0 | 1769280 | 2231 | 1767049 |
| 23.01.2018 | 1767049 | 2650 | 1769699 | 1901 | 1767798 |
| 24.01.2018 | 1767798 | 0 | 1767798 | 1182 | 1766616 |
| 25.01.2018 | 1766616 | 1743 | 1768359 | 717 | 1767642 |
| 26.01.2018 | 1767642 | 0 | 1767642 | 3000 | 1764642 |
| 27.01.2018 | 1764642 | 0 | 1764642 | 13935 | 1750707 |
| 29.01.2018 | 1750707 | 2500 | 1753207 | 149 | 1753058 |
| 30.01.2018 | 1753058 | 1000 | 1754058 | 8870 | 1745188 |
| 31.01.2018 | 1745188 | 1000 | 1746188 | 635 | 1745553 |
| 01.02.2018 | 1745553 | 0 | 1745553 | 5500 | 1740053 |
| 02.02.2018 | 1740053 | 500 | 1740553 | 12650 | 1727903 |
| 03.02.2018 | 1727903 | 100 | 1728003 | 13371 | 1714632 |
| 04.02.2018 | 1714632 | 0 | 1714632 | 10000 | 1704632 |
| 05.02.2018 | 1704632 | 500 | 1705132 | 23361 | 1681771 |
| 06.02.2018 | 1681771 | 500 | 1682271 | 562 | 1681709 |
| 07.02.2018 | 1681709 | 0 | 1681709 | 14885 | 1666824 |
| 08.02.2018 | 1666824 | 500 | 167324 | 8279 | 1659045 |
| 09.02.2018 | 1659045 | 0 | 1659045 | 6193 | 1652852 |
| 12.02.2018 | 1652852 | 25060 | 1677912 | 40349 | 1637563 |
| 14.02.2018 | 1637563 | 500 | 1638063 | 1509 | 1636554 |
| 15.02.2018 | 1636554 | 0 | 1636554 | 11090 | 1625464 |
| 16.02.2018 | 1625464 | 500 | 1625964 | 6365 | 1619599 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 18.02.2018 | 1619599 | 0 | 1619599 | 410 | 1619189 |
| 19.02.2018 | 1619189 | 0 | 1619189 | 5631 | 1613558 |
| 20.02.2018 | 1613588 | 15056 | 1628614 | 7728 | 1620886 |
| 21.02.2018 | 1620886 | 1040 | 1621926 | 9645 | 1612281 |
| 23.02.2018 | 1612281 | 0 | 1612281 | 2262 | 1610019 |
| 24.02.2018 | 1610019 | 150 | 1610169 | 5675 | 1604494 |
| 26.02.2018 | 1604494 | 0 | 1604494 | 21799 | 1582695 |
| 27.02.2018 | 1582695 | 372325 | 1955020 | 16870 | 1938150 |
| 28.02.2018 | 1938150 | 3500 | 1941650 | 10241 | 1931409 |
| 01.03.2018 | 1931409 | 0 | 1931409 | 98 | 1931311 |
| 03.03.2018 | 1931311 | 0 | 1931311 | * 518349 | 1412962 |
| 05.03.2018 | 1412962 | 0 | 1412962 | 4170 | 1408792 |
| 07.03.2018 | 1408792 | 0 | 1408792 | 3483 | 1405309 |
| 08.03.2018 | 1405309 | 20 | 1405329 | 204 | 1405125 |
| 09.03.2018 | 1405125 | 0 | 1405125 | 650 | 1404475 |
| 10.03.2018 | 1404475 | 0 | 1404475 | 17340 | 1387135 |
| 12.03.2018 | 1387135 | 0 | 1387135 | ** 757665 | 629470 |
| 14.03.2018 | 629470 | 10500 | 639970 | 706 | 639264 |
| 15.03.2018 | 639264 | 20615 | 659879 | 2280 | 657599 |
| 16.03.2018 | 657599 | 600 | 658199 | 13164 | 645035 |
| 17.03.2018 | 645035 | 6565 | 651600 | 160 | 651440 |
| 18.03.2018 | 651440 | 0 | 651440 | 47 | 651393 |
| 19.03.2018 | 651393 | 1000 | 652393 | 0 | 652393 |
| 20.03.2018 | 652393 | 2800 | 655193 | 1570 | 653623 |
| 21.03.2018 | 653623 | 0 | 653623 | 1700 | 651923 |
| 22.03.2018 | 651923 | 0 | 651923 | 200 | 651723 |
| 23.03.2018 | 651723 | 0 | 651723 | 468 | 651255 |
| 24.03.2018 | 651255 | 15095 | 666350 | 968 | 665382 |
| 26.03.2015 | 665382 | 33500 | 698882 | 6893 | 691989 |
| 27.03.2018 | 691989 | 0 | 691989 | 9532 | 682457 |
| 28.03.2018 | 682457 | 26095 | 708552 | 1089 | 707463 |
| 29.03.2018 | 707463 | 0 | 707463 | *** | 626823 |

| | | | | | |
|---|---|---|---|---|---|
| | | | | 80640 | |
| 31.03.2018 | 626823 | 0 | 626823 | 20368 | 606455 |
| 03.04.2018 | 606455 | 0 | 606455 | 4304 | 602151 |
| 04.04.2018 | 602151 | 0 | 602151 | 3112 | 599039 |
| 05.04.2018 | 599039 | 0 | 599039 | 3410 | 595629 |
| 06.04.2018 | 595629 | 0 | 595629 | 5712 | 589917 |
| 07.04.2018 | 589917 | 0 | 589917 | 2094 | 587823 |
| 10.04.2018 | 587823 | 0 | 587823 | 1119 | 586704 |
| 11.04.2018 | 586704 | 0 | 586704 | 3003 | 583701 |
| 12.04.2018 | 583701 | # 6400 | 590101 | 19588 | 570513 |
| 13.04.2018 | 570513 | 0 | 570513 | 2432 | 568081 |
| 16.04.2018 | 568081 | 1500 | 569581 | 15462 | 554119 |
| 17.04.2018 | 554119 | ## 50380 | 604499 | 234 | 604265 |
| 18.04.2018 | 604265 | 500 | 604765 | 10486 | 594279 |
| 19.04.2018 | 594279 | 0 | 594279 | 37380 | 556899 |
| 20.04.2018 | 556899 | 2000 | 558899 | 691 | 558208 |
| 21.04.2018 | 558208 | 170 | 558378 | 850 | 557528 |
| 22.04.2018 | 557528 | 0 | 557528 | 1039 | 556489 |
| 23.04.2018 | 556489 | 0 | 556489 | 5515 | 550974 |
| 24.04.2018 | 550974 | 0 | 550974 | 10273 | 540701 |
| 25.04.2018 | 540701 | 10520 | 551221 | ### 380674 | 170547 |
| 26.04.2018 | 170547 | 0 | 170547 | 2271 | 168276 |
| 27.04.2018 | 168276 | 1520 | 169796 | 5991 | 163805 |
| 28.04.2018 | 163805 | 0 | 163805 | 2793 | 161012 |
| 29.04.2018 | 161012 | 0 | 161012 | 1000 | 160012 |
| 30.04.2018 | 160012 | 0 | 160012 | 1400 | 158612 |
| 01.05.2018 | 158612 | 0 | 158612 | 1118 | 157494 |
| 02.05.2018 | 157494 | 500 | 157994 | 10992 | 147002 |
| 03.05.2018 | 147002 | 0 | 147002 | 2836 | 144166 |
| 04.05.2018 | 144166 | 1500 | 145666 | 1200 | 144466 |
| 05.05.2018 | 144466 | 2300 | 146766 | 1995 | 144771 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 06.05.2018 | 144771 | 0 | 144771 | 637 | 144134 |
| 07.05.2018 | 144134 | 0 | 144134 | 1578 | 142556 |
| 08.05.2018 | 142556 | 0 | 142556 | 2000 | 140556 |
| 09.05.2018 | 140556 | 1000 | 141556 | 70 | 141486 |
| 10.05.2018 | 141486 | 0 | 141486 | 2796 | 138690 |
| 11.05.2018 | 138690 | 2000 | 140690 | ####<br>134185 | 6505 |
| 15.05.2018 | 6505 | 0 | 6505 | 842 | 5663 |
| 16.05.2018 | 5663 | 2483 | 8146 | 2200 | 5946 |
| 17.05.2018 | 5946 | 0 | 5946 | 3831 | 2115 |
| 18.05.2018 | 2115 | 1000 | 3115 | 23039 | (-)19924 |

*03.03.2018 തീയതിയിൽ SBI അക്കൗണ്ടിലേക്കും (10270825382) , SBT അക്കൗണ്ടിലേക്കും (57047023884) യഥാക്രമം 4,41,293/-രൂപ, 67,056/-രൂപ വീതം നിക്ഷേപിച്ചിട്ടുണ്ട്.

** 7,54,400/-രൂപ 12.03.2018ന് SBI അക്കൗണ്ടിലേക്ക് (നമ്പർ 33500417216) നിക്ഷേപിച്ചിട്ടുണ്ട്.

*** 80,640/- രൂപ 29.03.2018 ന് SBI അക്കൗണ്ടിലേക്ക് (10270825382) നിക്ഷേപിച്ചിട്ടുണ്ട്.

#ഇലക്ട്രിസിറ്റി ചാർജിനായി ബാങ്കിൽ നിന്നും പിൻവലിച്ച തുക

## ശമ്പള കുടിശ്ശികയുടെ പലിശ, കിൻഫ്രാ ബിൽഡിംഗ് നിർമ്മാണം സംബന്ധിച്ച മീറ്റിംഗ് ചെലവ് എന്നിവയ്ക്കായി പിൻവലിച്ച് കൈവശം വച്ച തുക

### പ്രസ്തുത തുകയിൽ 37,77,886/- രൂപ SBI ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചതാണ്.

#### ശമ്പള റിക്കവറി പണമായി ട്രഷറിയിൽ ഒടുക്കിയത് - 77910/-

തൊഴിൽ നികുതി കോർപ്പറേഷനിൽ ഒടുക്കിയത് -49724/-

നിലവിൽ ഓരോ ദിവസവും അക്കാദമിയിൽ ലഭിക്കുന്ന വരവ് തുകകൾ അന്നേ ദിവസമോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ബാങ്ക് അക്കൌണ്ടിൽ അടയ്ക്കുന്നുണ്ടെന്നും ട്രഷറർ സാക്ഷ്യപ്പെടുത്തുന്നുണ്ടെന്നും ഇപ്പോൾ ഒരു വരവ് തുകയും നേരിട്ട് ഉപയോഗിക്കുന്നില്ലെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 18/ 20.11.2020ന്റെ മറുപടി).

അക്കാദമിയിൽ അക്കൌണ്ട് സെക്ഷൻ കൈകാര്യം ചെയ്തിരുന്നത് കോൺട്രാക്ട് വ്യവസ്ഥയിൽ നിയമിക്കപ്പെട്ട ജീവനക്കാരായിരുന്നുവെന്നും അധികജോലിഭാരവും അക്കാദമിയിൽ നിരവധി അക്കൌണ്ടുകൾ ഉള്ളതിനാൽ തുകകൾ സോർട്ട് ചെയ്ത് പ്രത്യേക അക്കൌണ്ടിൽ അടയ്ക്കേണ്ടി വന്നതിനാൽ കാലതാമസമുണ്ടായെന്നുമാണ് ഇപ്രകാരം വൻതുക കൈവശം വയ്ക്കാനുണ്ടായ സാഹചര്യമായി വിശദികരിക്കപ്പെട്ടത് (ഓഡിറ്റ് എൻക്വയറി നമ്പർ 01/12.11.2020, 10/17.11.2020 എന്നിവയുടെ മറുപടി). ദൈനംദിന ചെലവുകൾക്കായി നിലവിൽ സൂക്ഷിക്കാവുന്ന തുകയായി നിർവ്വാഹക സമിതി അംഗീകരിച്ചത്(24.09.2018ലെ 123-ാമത് യോഗം) 25000രൂപയാണെന്നും അറിയിച്ചിട്ടുണ്ട്.

കരാർ ജീവനക്കാരാണ് പണം കൈകാര്യം ചെയ്തതെന്ന ന്യായീകരണം അക്കാദമിയിൽ നിലവിലിരുന്ന ഗുരുതരമായ സാമ്പത്തിക അച്ചടക്കമില്ലായ്മയിലേക്കാണ് വിരൽ ചൂണ്ടുന്നത്. ദൈനംദിന വരവായി ലഭിക്കുന്ന വൻതുകകൾ അക്കൌണ്ടിലൊടുക്കാതെ കൈവശം വച്ചത് താത്കാലിക പണാപഹരണമാണ്. ഉത്തരവാദികൾക്കെതിരെ കർശന നടപടിക്ക് ശുപാർശ ചെയ്യുന്നു.

## 2-3 വരവ് തുക അക്കൌണ്ട് ചെയ്തിട്ടില്ല

ശ്രീ.ബൈജു.പി.കെ എന്ന ജീവനക്കാരന് പിരിവിനായി നല്കിയ 193-ാം നമ്പർ രസീത് ബുക്കിലെ 19212 മുതൽ 19256 വരെയും 19276 മുതൽ 19281 വരെയും 19287ഉം രസീതുകൾ മുഖേന സ്ക്രീനിംഗ് ചാർജിനത്തിൽ പിരിച്ചെടുത്ത 28,000/-രൂപ അക്കൌണ്ട് ചെയ്തിട്ടില്ല. കൂടാതെ, 19257/31.03.2018-ാം നമ്പർ രസീതിലുൾപ്പെട്ട ചെക്ക് നമ്പർ 253999 പ്രകാരമുള്ള 7,000/-രൂപയും വരവ് വച്ചിട്ടില്ല.

കണ്ണൂർ റീജിയണൽ കോ-ഓർഡിനേറ്റർ സ്ക്രീനിംഗ് റെന്റായി ലഭിച്ച തുകയിൽ നിന്നുമാണ് വാഹന വാടകയുൾപ്പെടെയുള്ള ചെലവുകൾ നടത്തിയതെന്ന് വിശദീകരിച്ചിട്ടുള്ളത് (ഓഡിറ്റ് എൻക്വയറി നമ്പർ 25/ 20.11.2020ന്റെ മറുപടി). എന്നാൽ ഇത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ 35000/- രൂപ (28000+7000) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

193-ാം നമ്പർ രസീത് ബുക്കിന്റെ പരിശോധനയിൽ കണ്ടെത്തിയ മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

എ) 19201 മുതൽ 19211 വരെയുള്ള രസീതുകൾ ക്യാൻസൽ ചെയ്തത് കാരണം രേഖപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല. ക്യാൻസൽ ചെയ്ത 19201-ാം നമ്പർ രസീതിന്റെ അസൽ സൂക്ഷിച്ചിട്ടില്ല.

ബി)2017-18 സാമ്പത്തിക വർഷാവസാനം ബാക്കിവന്ന രസീതുകൾ ക്യാൻസൽ ചെയ്യാതെ 2018-19 വർഷവും ഉപയോഗിച്ചിട്ടുണ്ട്.

സി) 19258 മുതൽ 19275 വരെയുള്ള രസീതുകൾ 2018-19 വർഷത്തേക്കായി ഉപയോഗിച്ചിട്ടുണ്ട്. 19276 മുതൽ 19281 വരെയും 19287 ാം നമ്പർ രസീതും 2017-18 വർഷം ഉപയോഗിച്ചു.

ഇത്തരം തെറ്റുകൾ ആവർത്തിക്കില്ലെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഇത്തരത്തിൽ വീഴ്ച വരുത്തിയ ജീവനക്കാർക്കെതിരെ ഉചിതമായ നടപടി സ്വീകരിച്ച് തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 സർവ്വീസ് ചാർജിനത്തിൽ കുടിശ്ശിക – 1,56,58,532/- രൂപ- ഈടാക്കാൻ നടപടി അനിവാര്യം

27.05.2000-ലെ സ.ഉ.(കൈ)16/2000/സാം.കാ.വ. ഉത്തരവ് പ്രകാരം അവശ കലാകാരന്മാർക്ക്/ ആശ്രിതർക്ക് പെൻഷൻ നൽകുന്നതിന് ചലച്ചിത്ര അക്കാദമിയെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പെൻഷൻ നൽകുന്നതിനായി 20.03.2002-ലെ സഉ(കൈ)4/2002/സാം.കാ.വ നമ്പർ ഉത്തരവ് പ്രകാരം നിശ്ചയിച്ചു നൽകിയ നിരക്കിൽ തിയേറ്ററുകളിൽ നിന്ന് സർവ്വീസ് ചാർജ് ഈടാക്കാൻ സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. അക്കാദമി ലഭ്യമാക്കിയ രേഖകൾ പ്രകാരം 2017-18 സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ സർവ്വീസ് ചാർജ് കുടിശ്ശിക ഇനത്തിൽ 1,56,58,532/- രൂപ വിവിധ തിയേറ്ററുകളിൽ നിന്ന് ലഭിക്കാനവശേഷിക്കുന്നു. ജില്ല അടിസ്ഥാനമാക്കി വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | തുക |
|---|---|---|
| 1 | തിരുവനന്തപുരം | 10,92,247 |

| | | |
|---|---|---|
| 2 | കൊല്ലം | 14,34,886 |
| 3 | പത്തനംതിട്ട | 6,34,148 |
| 4 | ആലപ്പുഴ | 6,98,191 |
| 5 | കോട്ടയം | 6,75,531 |
| 6 | ഇടുക്കി | 1,77,463 |
| 7 | എറണാകുളം | 11,91,606 |
| 8 | തൃശ്ശൂർ | 18,30,062 |
| 9 | പാലക്കാട് | 13,47,752 |
| 10 | മലപ്പുറം | 11,48,987 |
| 11 | കോഴിക്കോട് | 6,12,083 |
| 12 | വയനാട് | 6,82,313 |
| 13 | കണ്ണൂർ | 21,19,798 |
| 14 | കാസറഗോഡ് | 20,13,465 |
| ആകെ | | 1,56,58,532 |

ചലച്ചിത്ര അക്കാദമിയിൽ സർവ്വീസ് ചാർജ്ജ് തുക ഒടുക്കിയെന്നുള്ള രസീത് ലഭിച്ചശേഷം മാത്രമെ തിയേറ്ററുകളുടെ ലൈസൻസ് പുതുക്കി നൽകാവൂ എന്ന് സർക്കാർ ഉത്തരവ് നിലനിൽക്കുന്നുണ്ടെങ്കിലും പല തദ്ദേശ ഭരണ സ്ഥാപനങ്ങളും മേൽ നിർദ്ദേശം പാലിക്കുന്നില്ല എന്നും ചലച്ചിത്ര അക്കാദമിക്ക് തിയേറ്ററുകളുടെ മേൽ നിയന്ത്രണം ഇല്ലാത്തതിനാൽ കുടിശ്ശിക ഈടാക്കുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നതായും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ06/18.11.2020 ന്റെ മറുപടി). വിഷയം തദ്ദേശ ഭരണ സെക്രട്ടറിയുടെ ശ്രദ്ധയിൽപെടുത്തുന്നതിനായി സാംസ്കാരിക വകുപ്പ് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടിയിൽ അറിയിച്ചു.

എസ്.ബി.ഐയുടെ കവടിയാർ ബ്രാഞ്ചിലെ 57047023884-ാം നമ്പർ അക്കൌണ്ടിലാണ് സർവ്വീസ് ചാർജ്ജിനത്തിലെ തുക നിക്ഷേപിക്കുന്നത്. പ്രസ്തുത അക്കൌണ്ട് പാസ് ബുക്ക് പ്രകാരം 2017-18 സാമ്പത്തിക വർഷം നീക്കിയിരിപ്പായി 67,01,390.45 രൂപയാണ് നിലനിൽക്കുന്നത്. 2017-18 സാമ്പത്തിക വർഷം പെൻഷൻ ഇനത്തിൽ ആകെ 33,72,000/-രൂപ ചെലവ് ചെയ്തിട്ടുണ്ട്. സർവ്വീസ് ചാർജ്ജിനത്തിലെ തുക യഥാസമയം ഈടാക്കാത്ത പക്ഷം അശരണരായ കലാകാരന്മാർക്ക് അക്കാദമി വഴി ലഭ്യമാകുന്ന പെൻഷൻ പോലും മുടങ്ങുന്ന സാഹചര്യം ഉണ്ടാകും എന്നതിനാൽ കുടിശ്ശിക ഈടാക്കുന്നതിന് അടിയന്തര നടപടി കൈക്കൊള്ളേണ്ടതുണ്ട്. കൂടാതെ സാഹചര്യത്തിന്റെ ഗൗരവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും പെൻഷൻ മുടങ്ങുന്നില്ല എന്ന് ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്. സർവ്വീസ് ചാർജ് കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 സർവ്വീസ് ചാർജ് -തുക അക്കൌണ്ടിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ അവശേഷിക്കുന്നു

ഫയൽ നമ്പർ കെ.എസ്.സി.എ. എ2/1603/2017

01.01.2018-ലെ 3/2018 നമ്പർ ഓഫീസ് പ്രൊസീഡിംഗ്സ് പ്രകാരം കൈരളി, ശ്രീ, നിള, കലാഭവൻ എന്നീ തിയേറ്ററുകൾക്ക് 22-ാമത് IFFK-യുമായി ബന്ധപ്പെട്ട തിയേറ്റർ വാടക അനുവദിച്ച വേളയിൽ മേൽ തിയേറ്ററുകളിൽ നിന്ന് ലഭിക്കാനവശേഷിച്ച സർവ്വീസ് ചാർജ്ജ് കുടിശ്ശിക യഥാക്രമം 75,000/-, 50,000/-,

30,000/-, 50,000/- രൂപ വീതം ഈടാക്കിയ ശേഷമുള്ള തുകയാണ് അനുവദിച്ചിട്ടുള്ളത്. (ആകെ, 2,05,000/-) സർവ്വീസ് ചാർജ്ജ് ഇനത്തിൽ ഈടാക്കിയ തുക 57047023884 നമ്പർ അക്കൌണ്ടിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.09/18.11.2020-ന് പ്രസ്തുത തുക അക്കാദമിയുടെ മെയിൻ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ടെന്നും (അക്കൌണ്ട് നം.10270825382) തുക ഉടൻ തന്നെ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് വിവരം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മുൻകൂറുകൾ ക്രമീകരിക്കുന്നില്ല.

ജീവനക്കാർക്ക് വിവിധ ആവശ്യങ്ങൾക്കായി നല്കുന്ന മുൻകൂറുകൾ യഥാസമയം ക്രമീകരികരിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തെ അഡ്വാൻസ് രജിസ്റ്ററിൽ ബൈജു.പി.കെ (27.07.2017 മുതൽ 14.02.2018 വരെയുള്ള 4 മുൻകൂറുകൾ), ദീപിക സുശീലൻ (21.04.2017, 17.06.2017 എന്നീ തീയതികളിലെ 2 അഡ്വാൻസുകൾ) എന്നീ ജീവനക്കാർക്ക് നൽകിയ അഡ്വാൻസുകളുടെ വിവരം മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. മുൻകൂറുകൾ യഥാസമയം ക്രമീകരിക്കപ്പെടുന്നുണ്ടോയെന്ന് നിരീക്ഷിക്കാനുള്ള സംവിധാനത്തിന്റെ അപര്യാപ്തതയാൽ ആവശ്യത്തിലേറെ മുൻകൂർ തുക കൈവശം വയ്ക്കുകയും യഥാസമയം ക്രമീകരിക്കുന്നതിൽ വീഴ്ച വരുത്തുകയും ചെയ്യുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. പ്രസ്തുത വിഷയം മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലും ചൂണ്ടിക്കാണിച്ചിരിന്നിട്ടും ആവർത്തിക്കുന്നത് ഗുരുതരമായി കാണുന്നു. യഥാസമയം മുൻകൂറുകൾ ക്രമീകരിക്കാത്തവരിൽ നിന്നും പലിശ ഈടാക്കിയിട്ടില്ല.

നിലവിൽ അഡ്വാൻസ് രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിച്ച് ക്രമീകരണം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതായി വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി 02/16.11.2020ന്റെ മറുപടി). മുൻകൂറുകൾ സംബന്ധിച്ച ജി.ഒ.(പി) 419/11/ ധനം തീയതി 04.10.2011-ാം നമ്പർ സർക്കാർ ഉത്തരവ് നിർബന്ധമായും പാലിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം ക്രമീകരിക്കാനവശേഷിച്ച മുൻകൂറുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു(അവലംബം :- ടാലി അക്കൌണ്ടിംഗ് സോഫ്റ്റ് വെയർ).

| ക്രമ നം. | കൈപ്പറ്റിയ ആളിന്റെ പേര് | 31.03.17ൽ ക്രമീകരിക്കാൻ ബാക്കിയുള്ള തുക | തൻ വർഷം നൽകിയ മുൻകൂർ | തൻ വർഷം ക്രമീകരിച്ച തുക | 31.03.18ൽ ക്രമീകരിക്കാൻ ബാക്കിയുള്ള തുക | ക്രമീകരിച്ചതിന്റെ വിശദാംശം (ഓഡിറ്റ് എൻക്വയറി 02/16.11.2020ന്റെ മറുപടി പ്രകാരം) |
|---|---|---|---|---|---|---|
| 1 | അഖിൽ. എസ്.എസ് | 0 | 1000 | 0 | 1000 | ഓഡിറ്റ് തീയതി വരെ ക്രമീകരിച്ചിട്ടില്ല |
| 2 | ബൈജു.പി.കെ | 0 | 131000 | 0 | 131000 | 14.02.2020ന് ക്രമീകരിച്ചു |
| 3 | ബീന.എം | 49538 | 0 | 0 | 49538 | ഓഡിറ്റ് തീയതി വരെ ക്രമീകരിച്ചിട്ടില്ല |
| 4 | ബിലാസ് നായർ | 5000 | 0 | 0 | 5000 | ഓഡിറ്റ് തീയതി വരെ ക്രമീകരിച്ചിട്ടില്ല |
| 5 | ചെയർമാൻ | 15000 | 0 | 0 | 15000 | ഓഡിറ്റ് തീയതി വരെ ക്രമീകരിച്ചിട്ടില്ല |

| | | | | | | |
|---|---|---|---|---|---|---|
| 6 | ഗോപീകൃഷ്ണ | 62335 | 83800 | 34470 | 111665 | 11.08.2018, 06.03.2020തീയതികളിൽ 80000രൂപ ക്രമീകരിച്ചു. 31665 രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നു. |
| 7 | ഇർഷാദ് | 2500 | 0 | 0 | 2500 | ഓഡിറ്റ് തീയതി വരെ ക്രമീകരിച്ചിട്ടില്ല |
| 8 | ജയന്തി നരേന്ദ്രനാഥ് | 40000 | 0 | 0 | 40000 | ഓഡിറ്റ് തീയതി വരെ ക്രമീകരിച്ചിട്ടില്ല |
| 9 | ജോൺ കുര്യൻ | 35298 | 314500 | 12360 | 337438 | 02.08.2019, 25.03.2019 തീയതികളിൽ 285000 രൂപ ക്രമീകരിച്ചു. 52438 രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നു. |
| 10 | കുര്യാക്കോസ് | 0 | 5000 | 0 | 5000 | ഓഡിറ്റ് തീയതി വരെ ക്രമീകരിച്ചിട്ടില്ല |
| 11 | മധു ജനാർദ്ദനൻ | 0 | 10000 | 0 | 10000 | 08.04.2019ൽ ക്രമീകരിച്ചു |
| 12 | മഹേഷ്.ബി. | 53000 | 47000 | 3000 | 97000 | 04.08.2020ൽ 25000 രൂപ ക്രമീകരിച്ചു. 72000 രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നു |
| 13 | നവീന സുഭാഷ് | 0 | 140511 | 15511 | 125000 | 28.09.2018ൽ ഒ.പി.നം. 1017 പ്രകാരം ക്രമീകരിച്ചതായി വിശദീകരിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവ് ബൈജു.പി.കെയ്ക്ക് നൽകിയ മുൻകൂർ ക്രമീകരിച്ചു കൊണ്ടുള്ളതാണ്. |
| 14 | നിഷാന്ത്. എസ്.റ്റി. | 72698 | 198000 | 148021 | 122677 | മറുപടിയിൽ 24.07.19, 02.05.19 തീയതികളിലെ 5 ഉത്തരവുകൾ പ്രകാരം 142000 രൂപയാണ് ക്രമീകരിച്ചിട്ടുള്ളത്. ബാക്കി നിൽക്കുന്ന മുൻകൂറുമായി പൊരുത്തപ്പെടുന്നില്ല |
| 15 | പത്മകുമാർ | 469000 | 100000 | 500000 | 69000 | ഓഡിറ്റ് തീയതി വരെ ക്രമീകരിച്ചിട്ടില്ല |
| 16 | പ്രഭാത് | 776 | 0 | 0 | 776 | ഓഡിറ്റ് തീയതി വരെ ക്രമീകരിച്ചിട്ടില്ല |
| 17 | രാധാകൃഷ്ണൻ | 14758 | 519810 | 175000 | 359568 | 19.09.19, 24.07.19, 23.09.19 തീയതികളിൽ 350024 രൂപ ക്രമീകരിച്ചിട്ടുണ്ട്. |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | 99544 രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നു. |
| 18 | രവികുമാർ | 2000 | 0 | 0 | 2000 | ഓഡിറ്റ് തീയതി വരെ ക്രമീകരിച്ചിട്ടില്ല |
| 19 | റിജോയ്. കെ.ജെ | 0 | 156000 | 0 | 156000 | 25.09.18, 16.02.19 തീയതികളിൽ 109116 രൂപ ക്രമീകരിച്ചു. 46884 രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നു. |
| 20 | സെയ്ദ് ഫറൂക്ക് | 0 | 10000 | 0 | 10000 | 30.07.19ൽ ക്രമീകരിച്ചു. |
| 21 | ഷാജി.എ.റ്റി. | 15000 | 131000 | 0 | 146000 | 24.04.18, 02.05.19 തീയതികളിൽ 75000/- രൂപ ക്രമീകരിച്ചു. 7100/- രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നു. |
| 22 | ഷാജി.എൻ. കരുൺ | 4775 | 0 | 0 | 4775 | ഓഡിറ്റ് തീയതി വരെ ക്രമീകരിച്ചിട്ടില്ല |
| 23 | ഷാംലാൽ | 0 | 295000 | 65000 | 230000 | 24.07.19, 19.07.19 തീയതി കളിൽ 90000/- രൂപ ക്രമീകരിച്ചു. 140000/- രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നു. |
| 24 | ഷിജി.ജി.ആർ. | 748886 | 1094 | 0 | 749980 | ഓഡിറ്റ് തീയതി വരെ ക്രമീകരിച്ചിട്ടില്ല |
| 25 | ശിവകുമാർ | 0 | 695619 | 360850 | 334769 | 02.08.19, 30.05.19, 24.07.19 തീയതികളിലായി 180000/- രൂപ ക്രമീകരിച്ചു. 154769/- രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നു. |
| 26 | ശിവകുമാർ. പി.എസ് | 13500 | 0 | 0 | 13500 | ഓഡിറ്റ് തീയതി വരെ ക്രമീകരിച്ചിട്ടില്ല |
| 27 | എസ്.രാജേന്ദ്രൻ | 8527 | 0 | 0 | 8527 | ഓഡിറ്റ് തീയതി വരെ ക്രമീകരിച്ചിട്ടില്ല |
| 28 | തൻസീർ | 125000 | 0 | 0 | 125000 | ഓഡിറ്റ് തീയതി വരെ ക്രമീകരിച്ചിട്ടില്ല |
| 29 | വേണുക്കുട്ടൻ നായർ | 29564 | 0 | 0 | 29564 | ഓഡിറ്റ് തീയതി വരെ ക്രമീകരിച്ചിട്ടില്ല |
| 30 | വിമൽ കുമാർ | 0 | 530000 | 9865 | 520135 | 06.06.18, 28.06.18 തീയതി കളിലായി 410000/-രൂപ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ക്രമീകരിച്ചിട്ടുണ്ട്. 110135/- രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നു. |

സി) ചെലവ് എസ്റ്റിമേറ്റ് ചെയ്യാതെ നാമമാത്രമായ ചെലവിന് വൻതുക അഡ്വാൻസായി നൽകുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കൈപ്പറ്റിയ ആളിന്റെ പേര് | മുൻകൂർ നൽകിയ തീയതി | മുൻകൂർ തുക | ചെലവ് തുക | ക്രമീകരിച്ച തീയതി |
|---|---|---|---|---|---|
| 1 | രാധാകൃഷ്ണൻ | 08.09.2017 | 5,00,000 | 3,50,000 | 19.09.2017 |
| 2 | ഷാംലാൽ | 16.11.2017 | 40,000 | 38,010 | 05.02.2018 |
| | | 24.11.2017 | 25,000 | | |

അക്കാദമിയുടെ പരിപാടികൾ മറ്റു ജില്ലകളിൽ നടക്കുമ്പോൾ മൊത്തമായി വരുന്ന ചെലവുകൾ മുൻകൂട്ടി കണക്കാക്കാൻ സാധിക്കില്ലായെന്ന വിശദീകരണം അംഗീകരിക്കാൻ കഴിയില്ല.

മുൻകൂർ ക്രമീകരിക്കാത്തവരിൽ നിന്ന് പലിശ സഹിതം ഈടാക്കി, വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. മുൻകൂർ നൽകുന്നതിലും ക്രമീകരിക്കുന്നതിലും കേരള ഫിനാൻഷ്യൽ കോഡ് വോളിയം 1, ആർട്ടിക്കിൾ 99, ജി.ഒ.(പി) 419/11/ ധനം തീയതി 04.10.2011-ാം നമ്പർ സർക്കാർ ഉത്തരവ് എന്നിവ കർശ്ശനമായി പാലിക്കേണ്ടതാണ്.

## 3-2 നാഷണൽ മിഷൻ ഓൺ കൾച്ചറൽ മാപ്പ് - തുടർ നടപടി അവശേഷിക്കുന്നു.

ഫയൽ നമ്പർ കെ.എസ്.സി.എ. ജെ/2774/2017

സാംസ്കാരിക കാര്യ വകുപ്പ് ഡയറക്ടറുടെ 28.11.2017-ലെ എ2-5891/2017/സാം.വ. നമ്പർ കത്തിൽ പ്രകാരം നാഷണൽ മിഷൻ ഓൺ കൾച്ചറൽ മാപ്പ് - ന്റെ ഭാഗമായി കേരളത്തിലെ കലാകാരന്മാരുടെ പേരുവിവരം കേന്ദ്ര സർക്കാരിന്റെ ഡേറ്റ ബേസിൽ ഉൾപ്പെടുത്തുന്നതുവഴി കേന്ദ്ര സർക്കാർ പ്രഖ്യാപിക്കുന്ന വിവിധ ധനസഹായങ്ങളെക്കുറിച്ച് കലാകാരന്മാരെ നേരിട്ട് അറിയിക്കുന്നതിനായി അക്കാദമിയിൽ നിന്നുള്ള പ്രൊപ്പോസൽ സഹിതം സമർപ്പിക്കേണ്ടതുള്ളതിനാൽ കലാകാരൻമാരുടെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടിട്ടുണ്ട്. വിഷയത്തിൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.8/18.11.2020-ന് ചുവടെ ചേർക്കുന്ന മറുപടിയാണ് ലഭ്യമാക്കിയത്.

നാഷണൽ മിഷൻ ഓൺ കൾച്ചറൽ മാപ്പിംഗിന്റെ ഭാഗമായി കേരളത്തിലെ കലാകാരന്മാരുടെ പേരു വിവരങ്ങൾ കേന്ദ്ര സർക്കാരിന്റെ ഡേറ്റ ബേസിൽ ഉൾപ്പെടുത്തുന്നതിന് മാനദണ്ഡം നിശ്ചയിച്ച് നൽകാൻ ആവശ്യപ്പെട്ട് 06.02.2018-ന് സാംസ്കാരിക വകുപ്പ് ഡയറക്ടർ കത്തയച്ചിരുന്നു. എന്നാൽ ഇതു സംബന്ധിച്ച മാർഗ്ഗരേഖ ലഭ്യമാക്കിയില്ല. അതുകൊണ്ട് തുടർനടപടി സ്വീകരിക്കാൻ കഴിഞ്ഞില്ല. 07.01.2020-ന് റിമൈൻഡർ മെമോ ലഭിച്ചതിനെ തുടർന്ന് അക്കാദമിയുടെ കൈവശമുള്ള ചലച്ചിത്രപ്രവർത്തകരുടെ വിലാസം, ഫോൺ നമ്പർ എന്നിവ ലഭ്യമാക്കിയെങ്കിലും നൽകിയ വിരങ്ങൾ സൈറ്റിൽ അപ്‌ലോഡ് ചെയ്യാൻ പര്യാപ്തമല്ല എന്ന് 04.03.2020-ലെ കത്തിൽ സാംസ്കാരിക വകുപ്പ് അറിയിച്ചു. തുടർന്ന് ഫെഫ്ക, മാക്ട, അമ്മ തുടങ്ങിയ ചലച്ചിത്ര സംഘടനകൾക്ക് കത്ത് നൽകുകയും ഫെഫ്ക വിവരങ്ങൾ ലഭ്യമാക്കുകയും ചെയ്തു. മറ്റ് സംഘടനകളിൽ നിന്ന് കൂടി വിവരങ്ങൾ ലഭ്യമായാൽ ഡേറ്റാബേസിൽ ചേർക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

അക്കാദമി ലഭ്യമാക്കിയ മറുപടിയിൽ നിന്ന്, ഫെഫ്ക, മാക്ട, അമ്മ തുടങ്ങിയ ചലച്ചിത്ര സംഘടനകൾക്ക് കത്ത് നൽകി സമയബന്ധിതമായി തുടർനടപടി കൈക്കൊള്ളുന്നതിന് പകരം അനാവശ്യമായ കാലതാമസം ഉണ്ടായതായി വിലയിരുത്തുന്നു. 28.11.2017-ന് ലഭ്യമാക്കിയ കത്തിന് 07.01.20-ലെ ഓർമ്മക്കുറിപ്പിന് ശേഷമാണ് ചലച്ചിത്ര അക്കാദമി മറുപടി നൽകിയിട്ടുള്ളത്. സമയബന്ധിതമായി നടപടി സ്വീകരിക്കാതിരുന്നത് അക്കാദമിയുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയായി കണക്കാക്കുന്നു. ചലച്ചിത്ര പ്രവർത്തകരുടെ ക്ഷേമ പ്രവർത്തനങ്ങൾ അക്കാദമിയുടെ ചുമതലയിൽപെടുന്നതാകയാൽ ഇത്തരം അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

അക്കാദമി രേഖകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷത്തിൽ (2020-21) കോവിഡിന്റെ പശ്ചാത്തലത്തിൽ തിയേറ്ററുകൾ അടഞ്ഞ് കിടക്കുന്ന സാഹചര്യത്തിൽ 3,15,753/- രൂപ മാത്രമാണ് സർവ്വീസ് ചാർജിനത്തിൽ ലഭിച്ചിട്ടുള്ളത്. എന്നാൽ, 2020-21 വർഷം ഓഡിറ്റ് തീയതിവരെ 22,34,000/- രൂപ അവശകലാകാൻമാരുടെ പെൻഷൻ ഇനത്തിൽ ചെലവ് വന്നിട്ടുണ്ട്. നിലവിലെ സാഹചര്യത്തിൽ തിയേറ്ററുകൾ നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ ഈയിനത്തിലെ വരവ് കുറയാനാണ് സാധ്യത എന്നും ഓഡിറ്റ് എൻക്വയറി നമ്പർ11/18.11.2020 ന് മറുപടിയായി അക്കാദമി അറിയിച്ചിട്ടുണ്ട്. സർവ്വീസ് ചാർജിനത്തിലെ വരവിൽ കുറവുണ്ടാകുന്ന സാഹചര്യത്തിൽ കലാകാരന്മാരുടെ പെൻഷൻ അനുവദിക്കുന്നതിലുണ്ടാകാനിടയുള്ള ബുദ്ധിമുട്ട് മുൻകൂട്ടി കണ്ട് ഇത്തരം സാഹചര്യത്തിൽ കലാകാരന്മാർക്ക് കേന്ദ്ര സർക്കാർ വഴി ലഭിക്കുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് അക്കാദമിയുടെ ഭാഗത്തുനിന്ന് ക്രിയാത്മകമായ നടപടികൾ ആവശ്യമാണ്.

<u>ഓഡിറ്റ് ശുപാർശ</u>

1. കേന്ദ്രസർക്കാർ പദ്ധതിയിൽ സർക്കാർ നിർദ്ദേശപ്രകാരം കലാകാരന്മാരെ ശുപാർശ ചെയ്യുന്നത് സംബന്ധിച്ച് പത്രത്തിൽ വിൻഡോ പരസ്യം നൽകുന്നതുവഴി താല്പര്യമുള്ള എന്നാൽ അക്കാദമിയിൽ വിശദാംശം ലഭ്യമല്ലാത്തതുൾപ്പെടെയുള്ള കലാകാരന്മാരെ ഉൾക്കൊള്ളിക്കുന്നതിലും, പദ്ധതിയിൽ ഉൾപ്പെടാനും വിശദാംശങ്ങൾ വെബ്സൈറ്റിൽ ഉൾക്കൊള്ളിക്കുന്നതിനും താല്പര്യമില്ലാത്ത കലാകാരന്മാരെ ഒഴിവാക്കുന്നതിനും സാധിക്കുന്നതാണ്.

2. മലയാള സിനിമയുടെ നവതി ആഘോഷത്തോടനുബന്ധിച്ച് ശേഖരിച്ചിട്ടുള്ള ചലച്ചിത്ര പ്രവർത്തകരുടെ വിശദാംശങ്ങൾ ഉപയോഗപ്പെടുത്തുന്നതു വഴി പദ്ധതിയിൽ ഉൾപ്പെടാൻ താല്പര്യമുള്ള കലാകാരന്മാരെ കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

## 3-3 ഇരുപത്തി രണ്ടാം അന്താരാഷ്ട്ര ചലച്ചിത്രോത്സവം - എയർ ട്രാവൽ സർവീസ് നടത്തിയതിലെ അപാകങ്ങൾ

<u>1. ടെണ്ടർ തുകയെക്കാളും അധികം തുക ചെലവഴിച്ചു</u>

അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ പങ്കെടുക്കുന്ന ജൂറി അംഗങ്ങൾ, അവാർഡ് ജേതാക്കൾ തുടങ്ങിയവരുടെ വിമാനയാത്രയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട എജൻസിയെ തെരഞ്ഞെടുക്കുന്നതിനായി ചലച്ചിത്ര അക്കാദമി ടെണ്ടർ ക്ഷണിക്കുകയും ഇവാല്യുവേഷൻ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ M/s Las Travels സമർപ്പിച്ച ടെണ്ടർ അംഗീകരിച്ച് 25-10-2017 ന് പ്രസ്തുത സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. M/s Las Travelsസമർപ്പിച്ച 21,04,063/-രൂപയുടെ ടെണ്ടർ അംഗീകരിച്ചുകൊണ്ടാണ് സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകിയതെങ്കിലും വിമാനയാത്ര ഇനത്തിൽ 38,75,219/-രൂപ 2017-18

സാമ്പത്തിക വർഷത്തിൽ ചലച്ചിത്ര അക്കാദമിക്ക് ചെലവായിട്ടുണ്ട്. വിമാനയാത്രയുമായി ബന്ധപ്പെട്ടവരുടെ ലിസ്റ്റ് മുൻകൂട്ടി തയ്യാറാക്കി ടെണ്ടർ ക്ഷണിക്കാത്തതിനാലും അംഗങ്ങൾ ടെണ്ടറിൽ ഉൾപ്പെടാതിരുന്ന സെക്ടറിലേക്കുള്ള യാത്ര നടത്തിയതിനാലും ടെണ്ടറിൽ പരാമർശിച്ചിട്ടുള്ള ക്ലാസ്സിൽ (Economy to Business) മാറ്റം വരുത്തിയതിനാലുമാണ് അംഗീകരിക്കപ്പെട്ട ടെണ്ടർ തുകയെക്കാളും അധികം തുക ചെലവാക്കേണ്ടി വന്നത്.

ചില അക്കാദമി അംഗങ്ങളുടെ വിസയ്ക്ക് എംബസി അംഗീകാരം നൽകുന്നതിൽ കാലതാമസം വരുന്നതും ടിക്കറ്റുകൾ ക്യാൻസൽ ചെയ്യുമ്പോൾ റീഫണ്ട് ചെയ്ത് ലഭിക്കുന്ന തുകയിൽ കുറവ് വരുന്നതും ടിക്കറ്റ് ചാർജിനത്തിൽ അധികം തുക ചെലവഴിക്കേണ്ട സാഹചര്യം ഉണ്ടാകുന്നതായി നോട്ട് ഫയലിൽ (നോട്ട് ഫയൽ പേജ് നം. 9, ഖണ്ഡിക 45)രേഖപ്പെടുത്തലുകൾ ഉണ്ട്. വളരെ പരിമിതമായ വിവരങ്ങൾ ഉൾപ്പെടുത്തിയാണ് ടെണ്ടർ ക്ഷണിക്കുന്നതെന്നും മൊത്തം യാത്രക്കാരുടെ എണ്ണവും അവർ പുറപ്പെടുന്ന സ്ഥലവും എത്തിച്ചേരുന്ന സ്ഥലവും ടിക്കറ്റ് ബുക്കിംഗ് വേളയിലാണ് ട്രാവൽ ഏജൻസിക്ക് നൽകുന്നതെന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

മത്സരവിഭാഗം സിനിമകൾ തീരുമാനിക്കുന്നത് നവംബർ മാസത്തിൽ മാത്രമായതിനാൽ യാത്രയുമായി ബന്ധപ്പെട്ടവരുടെ സെക്ടറും ലിസ്റ്റും നേരത്തെ ടെണ്ടറിൽ ഉൾപ്പെടുത്താൻ സാധിക്കില്ലായെന്നും ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് ലഭിക്കുന്ന വ്യക്തിക്കും ചീഫ് ഗസ്റ്റിനും ഇന്റർനാഷണൽ ജൂറി അംഗങ്ങളിലെ പ്രമുഖർക്കും ബിസിനസ്സ് ക്ലാസ്സ് നൽകേണ്ടിവരുമെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ. 27/20-11-2020ന്റെ മറുപടി). സിനിമകളുടെ സെലക്ഷനുമായി ബന്ധപ്പെട്ട Preview Committee Meeting, Screening, Selection തുടങ്ങിയ പ്രക്രിയകൾ കൃത്യമായ ടൈം ഷെഡ്യൂൾ പാലിച്ചുകൊണ്ട് നടത്താത്തതിനാലാണ് വിമാനയാത്രയുമായി ബന്ധപ്പെട്ടവരുടെ ലിസ്റ്റ് മുൻകൂട്ടി തയ്യാറാക്കി ടെണ്ടർ ക്ഷണിക്കാൻ കഴിയാത്തതും തദ്വാര വിമാനയാത്രചാർജിനത്തിൽ അധിക തുക ചെലവാക്കേണ്ടി വരുന്നതും. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽ പതിയേണ്ടതാണ്.

<u>2. ജൂറി അംഗങ്ങളെ അടുത്ത ബന്ധുക്കൾ അനുഗമിക്കുന്നതിനുള്ള വിമാനയാത്രക്കൂലി അക്കാദമി വഹിക്കുന്നു.</u>

i) ഇന്റർ നാഷണൽ ജൂറി അംഗമായ Mary Stephenനെ പാരീസിൽ നിന്നും തിരുവനന്തപുരത്തേക്കും തിരിച്ചുമുള്ള യാത്രയിൽ (6/12/17 to 17/12/17) മകളും അനുഗമിച്ചിരുന്നു. ആയതിനുള്ള ടിക്കറ്റ് ചാർജ് തുകയായ 63,000/-രൂപ ചലച്ചിത്ര അക്കാദമിയാണ് വഹിച്ചത്.

ii) ഇന്റർ നാഷണൽ ജൂറി അംഗമായ Mueller Marcoയെ തിരുവനന്തപുരത്ത് നിന്നും മിലാനിലേക്കുള്ള യാത്രയിൽ (16-12-17) ഭാര്യയും അനുഗമിച്ചിരുന്നു. ആയതിനുള്ള ടിക്കറ്റ് ചാർജ് തുകയായ 70,600/-രൂപ ചലച്ചിത്ര അക്കാദമിയാണ് വഹിച്ചത്.

iii) ഇന്റർ നാഷണൽ ജൂറി അംഗമായ Murlon Moneroയെ ലോസ് എഞ്ചൽസിൽ നിന്നും തിരുവനന്തപുരത്തേക്കും തിരിച്ചുമുള്ള യാത്രയിൽ (6/12/17 to 17/12/17) ഭാര്യയും അനുഗമിച്ചിരുന്നു. ആയതിനുള്ള ടിക്കറ്റ് ചാർജ് തുകയായ 89,930/-രൂപ ചലച്ചിത്ര അക്കാദമിയാണ് വഹിച്ചത്.

ജൂറിയുടെ സാന്നിദ്ധ്യം ഉറപ്പ് വരുത്തണമെങ്കിൽ കൂടെ യാത്ര ചെയ്യുന്നവർക്ക് ടിക്കറ്റ് അനുവദിക്കേണ്ടതായി വരുമെന്നും ആയത് അക്കാദമിയുടെ കീഴ്വഴക്കമാണെന്നുമാണ് വിശദീകരണം (ഓഡിറ്റ് എൻക്വയറിക്ക് നമ്പർ 27/20-11-2020ന്റെ മറുപടി). ഇപ്രകാരം വിമാനയാത്രക്കൂലി അനുവദിക്കുന്നത് ക്രമപ്രകാരമുള്ള നടപടി അല്ലാത്തതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. മേൽ വിഷയത്തിൽ ഭരണസമിതിയുടെ അംഗീകാരവും സർക്കാർ അനുമതിയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 അന്താരാഷ്ട്ര ചലച്ചിത്രോത്സവം - ഉദ്ഘാടന ചടങ്ങ് - മുൻകൂർ തുക ക്രമീകരിച്ചില്ല

2017 ഡിസംബർ 8 മുതൽ 15 വരെ തിരുവനന്തപുരത്ത് വച്ച് നടത്തിയ 22ാം അന്താരാഷ്ട്ര

ചലച്ചിത്രോത്സവത്തിന്റെ ഉദ്ഘാടന ചടങ്ങുമായി ബന്ധപ്പെട്ട് ചലച്ചിത്ര പ്രവർത്തകരുടെ ഡാൻസ് പെർഫോമൻസ് നടത്തുന്നതിന് O.P. No. 1199/2017/KSCA തീയതി 26-11-2017 ലെ ഉത്തരവ് പ്രകാരം 50,000/-രൂപ ദക്ഷ് ഷേത്ത് ഡാൻസ് കമ്പനിക്ക് മുൻകൂറായി (ചെക്ക് നം. 245262/27-11-2017) നൽകിയിരുന്നു. ഓഖി ദുരന്തം വന്നതിനാൽ ഓപ്പണിംഗ് സെറിമണി ഒഴിവാക്കുകയാണ് ഉണ്ടായതെന്നും ഡാൻസ് പെർഫോമൻസിന്റെ കോസ്റ്റ്യൂംസ്, മ്യൂസിക് റെക്കോർഡിംഗ്, ഷൂട്ടിംഗ്, വീഡിയോ എഡിറ്റിംഗ് എന്നിവയ്ക്കുള്ള ചെലവായി 50000/- രൂപ കണക്കാക്കിയതിനാൽ തുക തിരികെ ചോദിച്ചിരുന്നില്ലായെന്നുമാണ് ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറിനമ്പർ26/20-11-2020) മറുപടി നൽകിയത്. ഓപ്പണിംഗ് സെറിമണി നടക്കാതിരുന്ന സാഹചര്യത്തിൽ മുൻകൂർ തുക ഡാൻസ് കമ്പനിയിൽ നിന്നും തിരികെ വാങ്ങേണ്ടിയിരുന്നു. എന്നാൽ കമ്പനിയുമായി എഗ്രിമെന്റിൽ ഏർപ്പെടാതെ തുക അനുവദിച്ചതിനാൽ തുടർനടപടി സ്വീകരിക്കാൻ അക്കാദമിക്ക് കഴിഞ്ഞില്ല. ആയതിനാൽ മുൻകൂർ നൽകിയ തുകയായ 50,000/-രൂപ പലിശസഹിതം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-5 അന്താരാഷ്ട്ര ചലച്ചിത്രോത്സവം - ഡെലിഗേറ്റ് രജിസ്ട്രേഷൻ, സീറ്റ് റിസർവേഷൻ സോഫ്റ്റ്‌വെയർ തയ്യാറാക്കിയതിലെ അപാകങ്ങൾ

22ാം അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന്റെ ഡെലിഗേറ്റ് രജിസ്ട്രേഷൻ, സീറ്റ് റിസർവേഷൻ സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിനുള്ള 11,50,000/-രൂപ മൂല്യമുള്ള പ്രവൃത്തികൾ എന്നിവ നിർവഹിക്കുന്നതിന് 27-10-2017 ലെ KSCA/F/1648/17 നമ്പർ കത്ത് പ്രകാരം സി-ഡിറ്റിന് വർക്ക് ഓർഡർ നൽകി. ആയതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകങ്ങൾ വന്നിട്ടുണ്ട്.

1) 29-11-2017 തീയതിയിലെ നോട്ട് ഫയലിൽ (പേജ് നമ്പർ 11, ഖണ്ഡിക 52) മേൽ പ്രവൃത്തി നിർവഹിക്കുന്നതിന് സി-ഡിറ്റ് എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുള്ളതായും 57,500/-രൂപയുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് സമർപ്പിച്ചതായും രേഖപ്പെടുത്തലുണ്ട്. എന്നാൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക ഈടാക്കാതെയാണ് സി-ഡിറ്റിന് വർക്ക് ഓർഡർ നൽകിയത്.

സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക ഈടാക്കിയെന്ന് ഉറപ്പ് വരുത്താതെ സി-ഡിറ്റിന് വർക്ക് ഓർഡർ നൽകിയതിന് വിശദീകരണമായി, വർക്ക് ഓർഡർ നൽകുന്ന ഘട്ടത്തിൽ തന്നെ സി-ഡിറ്റ് കരാർ ഒപ്പിടുകയും കരാറിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക അക്കാദമിയിൽ ഒടുക്കാമെന്ന് സമ്മതിക്കുകയും ചെയ്തിരുന്നുവെങ്കിലും അടിയന്തിര സാഹചര്യം കണക്കാക്കി വർക്ക് ഓർഡർ നൽകുകയാണുണ്ടായതെന്നാണ് മറുപടി ലഭിച്ചത് (ഓഡിറ്റ് എൻക്വയറി നമ്പർ 4/17-11-2020). കരാറിൽ വ്യവസ്ഥചെയ്തതിന് വിരുദ്ധമായി സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക സി-ഡിറ്റ് ഒടുക്കാതിരുന്നത് കരാർ വ്യവസ്ഥയുടെ ലംഘനമാണ്. ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

2) സി-ഡിറ്റ് സ്ഥാപിച്ച സോഫ്റ്റ്‌വെയറിൽ ചില അപാകതകൾ വന്നിട്ടുണ്ടെന്നുള്ള ശ്രീ റിയാസ് അഹമ്മദിന്റെ 23-2-18 ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 4,50,000/-രൂപയും മറ്റ് കിഴിവുകളും കുറച്ച് 5,03,999/- രൂപയാണ് (ചെക്ക് നമ്പർ 888931/6-4-18) സോഫ്റ്റ്‌വെയർ സ്ഥാപിച്ച വകയിൽ സി-ഡിറ്റിന് നൽകിയത്. എന്നാൽ ചലച്ചിത്രോത്സവം കഴിഞ്ഞ് 10 മാസങ്ങൾക്ക് ശേഷം സോഫ്റ്റ്‌വെയറിലെ അപാകതകൾ പരിഹരിച്ചിട്ടുണ്ടെന്ന 17-10-2018 ലെ സോഫ്റ്റ് വെയർ ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 7-11-2018 ൽ ബാക്കി തുകയായ 5,31,001/-രൂപയും (ചെക്ക് നമ്പർ 693827/7-11-18) നൽകിയിട്ടുണ്ട്. ഡോക്യുമെന്റേഷനോടൊപ്പം complete source code, data base scheme, data base snapshot ഇവ കൈമാറുന്നതാണെന്ന് സി-ഡിറ്റ് ഉറപ്പാക്കിയിട്ടുണ്ടെന്ന് 17-10-2018 ലെ സോഫ്റ്റ് വെയർ ടെക്നിക്കൽ കമ്മിറ്റിയുടെ റിപ്പോർട്ടിൽ പറയുന്നു. ആയതിൽ നിന്നും 17-10-2018 ൽ മാത്രമാണ് സോഫ്റ്റ്‌വെയർ പൂർണമായും പ്രവർത്തനസജ്ജമായതെന്ന് വ്യക്തമാണ്.

പ്രദർശനം നടക്കുന്ന വേളയിൽ പൂർണമായ രീതിയിൽ പ്രവർത്തിക്കാതിരുന്ന സോഫ്റ്റ്‌വെയർ സേവനങ്ങൾക്ക് റിവ്യൂ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബാക്കി പേമെന്റ് നൽകിയതിന് വിശദീകരണമാവശ്യപ്പെട്ടതിന്, (ഓഡിറ്റ് എൻക്വയറി നമ്പർ 4/17-11-2020) തുടർന്നുള്ള ചലച്ചിത്രോത്സവങ്ങളിൽ പ്രസ്തുത സോഫ്റ്റ്‌വെയർ അപാകതകൾ കൂടാതെ ഉപയോഗിക്കാൻ കഴിയുമെന്നുള്ള ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് തടഞ്ഞുവെച്ചിട്ടുള്ള തുക അനുവദിച്ചതെന്നാണ് മറുപടി നൽകിയത്.

22ാം അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന്റെ ഭാഗമായി ഡെലിഗേറ്റ് രജിസ്ട്രേഷൻ, സീറ്റ് റിസർവേഷൻ എന്നിവയ്ക്കായാണ് സോഫ്റ്റ്‌വെയർ തയ്യാറാക്കാൻ തീരുമാനിച്ചതും 10,35,000/-രൂപ ചെലവഴിച്ചതും. ആയത് പ്രസ്തുത ചലച്ചിത്രോത്സവത്തിന് പൂർണമായും പ്രയോജനപ്പെടാതെ തുടർന്നുള്ള ചലച്ചിത്രോത്സവങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുമെന്നാണ് മറുപടി നൽകിയത്. തുടർന്നുള്ള ചലച്ചിത്രോത്സവങ്ങൾക്ക് പ്രസ്തുത സോഫ്റ്റ്‌വെയർ ഉപയോഗിച്ചിട്ടുണ്ടോ എന്നത് അടുത്ത സാമ്പത്തിക വർഷത്തെ ഓഡിറ്റ് വേളയിൽ മാത്രമേ പരിശോധിക്കാൻ സാധിക്കുകയുള്ളൂ. ആയതിനാൽ സോഫ്റ്റ്‌വെയർ നിർമാണത്തിനായി ചെലവഴിച്ച തുകയായ 10,35,000/- രൂപ താൽക്കാലികമായി തടസ്സപ്പെടുത്തുന്നു. സോഫ്റ്റ്‌വെയർ ചലച്ചിത്രോവത്സങ്ങൾക്ക് പ്രയോജനപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## 3-6 അന്താരാഷ്ട്ര ചലച്ചിത്രോത്സവം - തിയേറ്ററുകൾ വാടകക്കെടുത്തതുമായി ബന്ധപ്പെട്ട് തുക ചെലവഴിച്ചതിലെ അപാകത

2017 ഡിസംബർ 8 മുതൽ 15 വരെ തിരുവനന്തപുരത്ത് വച്ച് നടത്താൻ നിശ്ചയിച്ചിരുന്ന 22ാം അന്താരാഷ്ട്ര ചലച്ചിത്രോത്സവം നടത്തിപ്പിനായി തിയേറ്ററുകൾ വാടകക്കെടുത്തതുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന അപാകങ്ങൾ വന്നിട്ടുണ്ട്.

1) ചലച്ചിത്രോത്സവം നടത്തുന്നതിനായി കനകക്കുന്ന്, സൂര്യകാന്തി, നിശാഗന്ധി തുടങ്ങിയ ഹാളുകൾ വിട്ടുകിട്ടുന്നതിനായി സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയായ 5000/-രൂപ ഉൾപ്പെടെ 120,200/-രൂപ ചെക്ക് നം.24255/24.11.17(O.P. no/1242/2017 തീയതി 2-12-2017) നേരിട്ട് ടൂറിസം വകുപ്പിന് ഒടുക്കവരുത്തുന്നതിന് അക്കൗണ്ട്സ് സെക്ഷനെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിലും തുക ഒടുക്ക് വരുത്തിയതിന്റെ വിശദാംശം ഹാജരാക്കിയില്ല.

പ്രസ്തുത തിയേറ്ററുകൾക്ക് സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ ഒടുക്ക് വരുത്തിയ 5000/-രൂപ തിരികെ ലഭിച്ചിട്ടുണ്ടോ എന്ന് ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/17-11-2020) മറുപടി ലഭ്യമാക്കിയില്ല. തുക തിരിക ലഭ്യമായതിന്റെ വിവരം അറിയിക്കേണ്ടതാണ്.

2) ചലച്ചിത്രോത്സവം നടത്തുന്നതിനായി 16 തിയേറ്ററുകളാണ് ചലച്ചിത്ര അക്കാദമി വാടകക്ക് എടുത്തിട്ടുള്ളത്. കൃപ തിയേറ്റർ ഒഴികെ മറ്റ് തിയേറ്ററുകളൊന്നും തന്നെ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. തിയേറ്ററുകളുടെ വാടകയിനത്തിൽ ഭീമമായ തുക ചെലവഴിക്കുന്നതിനാൽ കരാറിൽ ഏർപ്പെടാതെ തുക നൽകുന്നത് നിയമപരമല്ല. വരും വർഷങ്ങളിൽ ശ്രദ്ധിക്കുന്നതാണെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചത്. മേൽവിഷയത്തിൽ ഭരണസമിതി പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

3) O.P. No. 1279/2017/KSCA തീയതി 10-12-2017 ലെ ഉത്തരവ് പ്രകാരം ടാഗോർ തിയേറ്ററിന്റെ വാടക 30000/-രൂപയും പരിസരത്തിനുള്ള വാടക 7500/-രൂപയുമാണ്. പരിസരത്തിനുള്ള വാടക 21 ദിവസത്തേയ്ക്കാണ് നിശ്ചയിട്ടുള്ളത്. തിയേറ്റർ വാടകയായി 556250/-രൂപയും സെക്യൂരിറ്റി ഡെപ്പോസിറ്റായി 600000/-രൂപയും ചേർത്ത് ആകെ 1156250/- രൂപ ചെലവഴിച്ചിട്ടുണ്ട് (397500/-രൂപ ചെലാൻ മുഖേന ട്രഷറിയിലും 758750/-രൂപ TR5 ഫോമിൽ ടൂറിസം വകുപ്പിലും 11-12-2017 ൽ അടച്ചിട്ടുണ്ട്).

തിയേറ്റർ വാടക നിശ്ചയിച്ചതിന്റെ സർക്കാർ ഉത്തരവ് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നമ്പർ05/17.11.2020) നൽകിയെങ്കിലും അപ്രകാരമുള്ള ഉത്തരവ് ലഭ്യമാക്കിയില്ല. ആയതിനാൽ വാടകയിനത്തിൽ ടാഗോർ തിയേറ്ററിന് ചുവടെ പറയും പ്രകാരം നൽകിയിട്ടുള്ള 556250/-രൂപ സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ തന്നെയാണോ എന്ന് വ്യക്തത ഇല്ല. ആയതിനാൽ പ്രസ്തുത ചെലവ് ആധികാരികവുമല്ല. വാടക നിശ്ചയിച്ചത് സംബന്ധിച്ച സർക്കാർ ഉത്തരവ് ലഭ്യമാക്കി തുടർനടപടികളിൽ നിന്നും ഒഴിവാകേണ്ടതാണ്.

| | |
|---|---|
| തിയേറ്റർ വാടക | 240000 |
| പരിസര വാടക | 157500 |
| ടാക്സ് (തിയേറ്റർ വാടകയുടെ 36%) | 86400 |
| ടാക്സ് (പരിസര വാടകയുടെ 18%) | 28350 |
| സ്റ്റാഫ് ബത്ത | 44000 |
| ആകെ | 556250 |

4) ടാഗോർ തിയേറ്ററിന് നൽകിയ തുകയിൽ സെക്യൂരിറ്റി ഇനത്തിൽ അടവാക്കിയ 6,00,000/-രൂപയും ഉൾപ്പെടുന്നു. പ്രസ്തുത തുകയിൽ 585,000/-രൂപ മാത്രമേ അക്കാദമി അക്കൗണ്ടിൽ തിരികെ അടവാക്കിയിട്ടുള്ളൂ. ബാക്കി തുകയായ 15,000/-രൂപ നാളിതുവരെയായും തിരികെ ലഭിച്ചിട്ടില്ല. ആയത് ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

5) 7-12-2017 മുതൽ 15-12-2017 വരെ ടാഗോർ തിയേറ്ററിൽ ഉപയോഗിച്ച 1010 KV ജനറേറ്ററിന്റെ ഡീസൽ വാങ്ങിയ ഇനത്തിൽ 16-12-2017 ലെ ക്യാഷ് പേയ്മെന്റ് വൗച്ചർ പ്രകാരം 6,10,568/-രൂപ ടാഗോർ തിയേറ്ററിന് നൽകിയിട്ടുണ്ട്. G.O(P).No.46/2016/Fin, Dated 04.04.2016 പ്രകാരം 2000/-രൂപക്ക് മുകളിലുള്ള എല്ലാ ഇടപാടുകളും ചെക്ക് മുഖേന നൽകേണ്ടതാണെന്നിരിക്കേ ഡീസൽ വാങ്ങിയ ഇനത്തിൽ 6,10,586/-രൂപ നേരിട്ട് ചെലവഴിച്ചത് ക്രമപ്രകാരമല്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായുള്ള മേൽ ചെലവ് അംഗീകരിക്കാനും കഴിയുകയില്ല. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. ഭാവിയിൽ ഇത്തരത്തിലുള്ള അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 അന്താരാഷ്ട്ര ചലച്ചിത്രോത്സവം - തിയേറ്റർ വോളണ്ടിയേഴ്സിന് വേതനം നല്കിയത് - മുഴുവൻ രേഖകളും ഹാജരാക്കിയില്ല

22ാം അന്താരാഷ്ട്ര ചലച്ചിത്രോത്സവുമായി ബന്ധപ്പെട്ട് തിയേറ്റർ വോളണ്ടിയർമാരായി മുഴുവൻ സമയവും ജോലി ചെയ്ത 22 പേർക്ക് 800/-രൂപ നിരക്കിൽ 8 ദിവസത്തേയ്ക്ക് 1,40,800/-രൂപയും സാധാരണ വോളണ്ടിയർമാരായി ജോലി ചെയ്ത 234 പേർക്ക് 400/-രൂപ നിരക്കിൽ 8 ദിവസത്തേയ്ക്ക് 7,48,800/-രൂപയും കൂടി ആകെ 8,89,600/-രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ വോളണ്ടിയർമാരുടെ ഹാജർ, ഡ്യൂട്ടി വിശദാംശം എന്നിവ പരിശോധിക്കാതെയാണ് തുക അനുവദിച്ചിരിക്കുന്നത്. തുക അനുവദിച്ചതിന് തുടർന്ന് സാധൂകരണം ലഭ്യമായിട്ടുമില്ല. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 17/20-11-2020) മറുപടി ലഭ്യമാക്കിയില്ല. മുഴുവൻ രേഖകളും ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 8,89,600/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-8 അന്താരാഷ്ട്ര ചലച്ചിത്രോത്സവം - വോളണ്ടിയേഴ്സ് ഓവർകോട്ട് - ക്വട്ടേഷൻ കൂടാതെ വാങ്ങൽ നടത്തി

22ാം അന്താരാഷ്ട്ര ചലച്ചിത്രോത്സവുമായി ബന്ധപ്പെട്ട് 250 വോളണ്ടിയേഴ്സ് ഓവർകോട്ട് വാങ്ങിയ വകയിൽ

ശ്രീ. സാഫർ. എം. എം, സഞ്ചി ബാഗ്സ്, തിരുവനന്തപുരത്തിന് 90000/-രൂപ (ചെക്ക് നമ്പർ 245372/18-122017) നൽകിയിട്ടുണ്ട്. 2013 ലെ സ്റ്റോർ പർച്ചെയ്സ് മാന്വൽ, ഖണ്ഡിക 7.6, 7.31 പ്രകാരം 15000/- രൂപയ്ക്ക് മുകളിൽ 100,000 /-രൂപ വരെയുള്ള വാങ്ങലിൽ ക്വട്ടേഷൻ ക്ഷണിക്കേണ്ടതുണ്ട്. എന്നാൽ മേൽ വാങ്ങലിൽ ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടില്ല. വോളന്റിയർ സബ്കമ്മിറ്റി മീറ്റിംഗിൽ 250 ടീ ഷർട്ടും സ്ത്രീകൾക്ക് ഓവർകോട്ടും തയ്യാറാക്കാൻ തീരുമാനിച്ചിരുന്നുവെന്നും പിന്നീട് നടന്ന സബ് കമ്മിറ്റി റിവ്യൂ മീറ്റിംഗിൽ എല്ലാ വോളന്റിയേഴ്സിനും ടീ ഷർട്ടിനൊപ്പം ഓവർകോട്ട് കൂടി തയ്യാറാക്കുവാനും തീരുമാനിച്ചുവെന്നും ഫെസ്റ്റിവൽ നടക്കുന്നതിന് വളരെ അടുത്ത ദിവസങ്ങളിലെടുത്ത തീരുമാനമായതിനാൽ ടീ ഷർട്ടിന് കരാർ ലഭിച്ച സഞ്ചി ബാഗ്സ് എന്ന സ്ഥാപനത്തെ തന്നെ ഓവർകോട്ടും തയ്യാറാക്കാൻ ചുമതലപ്പെടുത്തുകയുണ്ടായെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ32/20-11-2020ന്റെ മറുപടി) സ്റ്റോർ പർച്ചെയ്സ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് വാങ്ങൽ നടത്തുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 പി.ഭാസ്കരൻ പ്രതിമ - നിർമ്മാണം - അധികച്ചെലവ്

ഫയൽ നമ്പർ കെ.എസ്.സി.എ./ എ/1012/2010

സ.ഉ.(സാധാ) 400/10/സി.എ.ഡി. തീയതി 26.07.2010-ാം നമ്പർ ഉത്തരവ് പ്രകാരം, കവിയും ഗാനരചയിതാവും ചലച്ചിത്ര പ്രവർത്തകനുമായിരുന്ന പി.ഭാസ്കരന്റെ പ്രതിമ തലസ്ഥാനത്ത് നിർമ്മിക്കുന്നതിനായി ചലച്ചിത്ര അക്കാദമിയെ ചുമതലപ്പെടുത്തുകയും 16.07.2010ൽ വിദ്യാഭ്യാസ സാംസ്കാരിക വകുപ്പ് മന്ത്രിയുടെ ചേംബറിൽ കൂടിയ യോഗം പ്രതിമ നിർമ്മാണത്തിന്റെ ചുമതല ശ്രീ. ജീവൻ തോമസിനെ ഏല്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

ശില്പിയുമായുണ്ടാക്കിയ 21.08.2010ലെ കരാറിലെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു.

10ലക്ഷം രൂപ ചെലവിൽ കോൺക്രീറ്റ് പ്രതിമയും പെഡസ്ററലും ചേർത്ത് 4.5 മീറ്റർ ഉയരത്തിൽ നിർമ്മിച്ച് തിരുവനന്തപുരം പാളയം വാർ മെമ്മോറിയലിന് സമീപമുള്ള സ്ഥലത്ത് എത്തിച്ച് നിയമസഭാ മന്ദിരത്തിന് അഭിമുഖമായി സ്ഥാപിക്കും.

കരാർവയ്ക്കുമ്പോൾ 2ലക്ഷം രൂപ മുൻകൂറായി ലഭിക്കുന്നമുറയ്ക്ക് പ്രതിമാ നിർമ്മാണം ആരംഭിക്കുന്നതാണെന്നും ജോലി ഒരു മാസം പൂർത്തീകരിക്കുമ്പോൾ 3ലക്ഷം രൂപയും 3മാസം പൂർത്തീകരിക്കുമ്പോൾ 3ലക്ഷം രൂപയും സ്വീകരിച്ച് പണി പൂർത്തീകരിക്കാമെന്നും പണി പൂർത്തീകരിച്ചുകഴിഞ്ഞ് ബാക്കി 2ലക്ഷം രൂപ കൈപ്പറ്റുന്നതിന് സമ്മതമാണെന്നും ഓരോ ഘട്ട നിർമ്മാണവും സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ള സമിതിയുടെ വിലയിരുത്തലിന് വിധേയമായി തുക അനുവദിച്ചുകിട്ടുന്നതിന് നടപടി സ്വീകരിച്ചാൽ മതിയെന്നും സമ്മതിച്ചിട്ടുണ്ട്. രണ്ട് ലക്ഷം രൂപ അഡ്വാൻസിനത്തിൽ കൈപ്പറ്റുന്ന തീയതി മുതൽ 5 മാസത്തിനകം പെഡസ്റ്റൽ അടക്കം പ്രതിമാ നിർമ്മാണം പൂർത്തിയാക്കി നിർദ്ദിഷ്ട സ്ഥലത്ത് പ്രതിമ സ്ഥാപിക്കാമെന്നും സമ്മതിച്ചിട്ടുണ്ട്.

പ്രതിമ അനാഛാദനം ചെയ്തത് 2018 മെയ് 8-നാണ്. അക്കാദമിയുടെയുടെയും പ്രതിമ നിർമ്മാണ കമ്മിറ്റിയുടെയും ക്രിയാത്മകമായ ഇടപെടലിന്റെ അഭാവത്താൽ ശില്പിയുടെ താല്പര്യങ്ങൾക്കനുസരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നീണ്ടു പോകുകയും അധികച്ചെലവുണ്ടാകുകയും ചെയ്തു.

വിവിധ ഘട്ടങ്ങളിൽ തുക അനുവദിക്കുമ്പോൾ പ്രതിമയുടെ നിർമ്മാണ പുരോഗതി അക്കാദമി പരിശോധിച്ചിരുന്നുവെന്നും കലാപരമായ സൃഷ്ടി ആയതിനാൽ ഇക്കാര്യത്തിൽ ശില്പിയുടെ അഭിപ്രായങ്ങൾക്ക് മുൻഗണന നൽകേണ്ടിയിരുന്നുവെന്നും ഓഡിറ്റ് എൻക്വയറി നമ്പർ19/20.11.2020ന്റെ മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്നതിന് അക്കാദമി നിരന്തരമായ ശ്രമം നടത്തിയിരുന്നുവെങ്കിലും സ്ഥലം ലഭിക്കാൻ കാലതാമസമുണ്ടായെന്നും പ്രതിമയുടെ അവസാനഘട്ട ജോലികൾ തീർക്കുന്നതിൽ ശില്പിയും ജാഗ്രതക്കുറവ് കാണിച്ചുവെന്നും വിശദീകരിച്ചിട്ടുണ്ട്.

പ്രതിമ സ്ഥാപിക്കുന്നതിനുള്ള അനുയോജ്യമായ സ്ഥലം യഥാസമയം കണ്ടെത്തിയില്ല

തിരുവനന്തപുരം പാളയം വാർമെമ്മോറിയലിന് സമീപമുള്ള സ്ഥലമാണ് പ്രതിമ സ്ഥാപിക്കുന്നതിനായി പ്രതിമ നിർമ്മാണ കമ്മിറ്റി തിരഞ്ഞെടുത്തത്. പ്രസ്തുത സ്ഥലം സംബന്ധിച്ച് തർക്കം ഉണ്ടാകുകയും തിരുവനന്തപുരം മുനിസിഫ് കോടതി 26.02.2011ൽ പുറപ്പെടുവിച്ച ഇൻജക്ഷൻ ഓർഡറിന്റെ അടിസ്ഥാനത്തിൽ പണി നിർത്തിവയ്പിക്കുകയും ചെയ്തു. നഗരസഭയും ചലച്ചിത്ര അക്കാദമിയും മുൻകൈയെടുത്ത് മറ്റൊരു സ്ഥലം കണ്ടെത്തി പ്രതിമ നിർമ്മാണം ആരംഭിക്കാൻ തുടങ്ങിയപ്പോൾ, ഇതിനകം തന്നെ 9ലക്ഷം രൂപ കൈപ്പറ്റിയിരുന്ന ശ്രീ. ജീവൻ തോമസ് നിർമ്മാണ പ്രവർത്തനങ്ങളുടെ കാലതാമസംമൂലമുണ്ടായ നഷ്ടം കാരണം ഇനിയും 9ലക്ഷം രൂപ (ബാക്കി നല്കാനുള്ള ഒരു ലക്ഷം രൂപയും ചേർത്ത്) ലഭിച്ചാൽ മാത്രമേ നിർമ്മാണം ആരംഭിക്കാൻ കഴിയുകയുള്ളൂവെന്ന് അറിക്കുകയും പ്രസ്തുത വിവരം സർക്കാരിലേക്ക് അറിയിക്കുകയും ചെയ്തു. GO(Rt) 103/2013/CAD Dt 08.03.2013പ്രകാരം 10ലക്ഷം രൂപ കൂടി അനുവദിച്ചു. പ്രതിമയുടെ നിർമ്മാണം കോഴിക്കോടായിരിക്കെ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിട്ടതിന്റെ കാരണങ്ങൾ വ്യക്തമല്ല. (പ്രതിമ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭിച്ചിട്ടില്ലായെന്ന് സൂചിപ്പിച്ചുകൊണ്ട് അക്കാദമി ജില്ല ടൂറിസം പ്രൊമോഷൻ സെക്രട്ടറിക്ക് 17.02.2017ൽ കത്തയച്ചിട്ടുണ്ട്). പ്രതിമ സ്ഥാപിക്കുന്നതിന് ആദ്യം കണ്ടെത്തിയ സ്ഥലവുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരമുണ്ടായിട്ടുണ്ട്. പ്രസ്തുത തടസ്സങ്ങളും പ്രതിമ നിർമ്മാണത്തെ സ്വാധീനിച്ചിട്ടുണ്ട്.

പ്രതിമ നിർമ്മാണം നീണ്ടുപോയതിനാൽ ശില്പിക്ക് അധിക തുക നല്കേണ്ടിവന്നു

അഞ്ചു മാസ കാലയളവിൽ നിർമ്മാണം പൂർത്തിയാക്കുമെന്നുള്ള കരാർ നിലവിലുള്ളപ്പോൾ പ്രതിമ സ്ഥാപിക്കുന്നതിനുള്ള സമയം നീണ്ടുപോകുന്നതിനാൽ ആദ്യം നിശ്ചയിച്ച തുകയിൽ നിന്നും അധികമായി 8 ലക്ഷം രൂപ കൂടി ആവശ്യപ്പെടുകയുണ്ടായി.

ശില്പിക്ക് പ്രതിമ നിർമ്മാണത്തിന് മാത്രമായി നല്കിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു(അവലംബം - ഓഡിറ്റ് എൻക്വയറി നമ്പർ 19/ 20.11.2020ന്റെ മറുപടി).

| ചെക്ക് നമ്പർ | തീയതി | തുക |
|---|---|---|
| ലഭ്യമല്ല | 21.08.2010 | 2,00,000 |
| 812638 | 09.11.2010 | 3,00,000 |
| 816924 | 07.02.2011 | 3,00,000 |
| 414117 | 18.03.2013 | 2,00,000 |
| 423146 | 15.05.2013 | 2,00,000 |
| 423385 | 16.07.2013 | 1,00,000 |
| 423475 | 02.09.2013 | 1,00,000 |
| 041295 | 19.09.2016 | 1,50,000 |
| 041537 | 25.11.2016 | 1,50,000 |
| 249084 | 16.03.2017 | 50,000 |
| 249303 | 23.06.2017 | 50,000 |
| 244636 | 23.06.2017 | 25,000 |
| 244685 | 12.07.2017 | 25,000 |
| 244770 | 09.08.2017 | 25,000 |
| | | |

| | | |
|---|---|---|
| 244839 | 28.08.2017 | 25,000 |
| 244937 | 19.09.2017 | 15,000 |
| 244985 | 05.10.2017 | 15,000 |
| 245058 | 27.10.2017 | 10,000 |
| 693529 | 21.08.2018 | 6,000 |
| ആകെ | | 19,46,000 |

<u>അധിക തുകയ്ക്ക് പുറമേ ശില്പിക്ക് താമസ സൌകര്യവും അക്കാദമി ഫണ്ടിൽ നിന്ന് നൽകി</u>

സ്ഥാപിക്കുന്നതിനുള്ള സമയം നീണ്ടുപോകുന്നതിനാൽ അധിക തുകയ്ക്ക പുറമേ തുടർന്നുള്ള നിർമ്മാണ വേളയിൽ താമസിക്കുന്നതിനുള്ള സൌകര്യം ആവശ്യപ്പെടുകയും അത് അംഗീകരിക്കുകയും ചെയ്തതിനാൽ അധികച്ചെലവുണ്ടായിട്ടുണ്ട്.

എ)തിരുവനന്തപുരം കണ്ണമ്മൂലയിലെ വീട് വാടകയ്ക്കെടുത്ത വകയിൽ തുക ചെലവഴിച്ചിട്ടുണ്ട്. ഒ.പി. നമ്പർ 85/2014/കെ.എസ്.സി.എ തീയതി 02.05.2014 പ്രകാരം 2014 ഏപ്രിൽ മാസത്തെ വാടകയായി 9000/- രൂപ അനുവദിച്ചിട്ടുള്ളത് ഇതിനുദാഹരണമാണ്.

ഇതുകൂടാതെ, ശാസ്തമംഗലത്തുള്ള വീട് വാടകയ്ക്കെടുത്ത് നൽകിയതിന് തുക ചെലവായിട്ടുണ്ട് ഇപ്രകാരം വാടകയിനത്തിൽ ചെലവ് ചെയ്ത തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.(കണ്ണമ്മൂലയിലെ വീടിന്റെ വാടക വിവരങ്ങൾ പൂർണമായി ലഭ്യമാക്കിയില്ല)

| കാലയളവ് | തുക | ചെക്ക് നമ്പർ | തീയതി |
|---|---|---|---|
| 03.07.2017 മുതൽ 02.08.2017 വരെ | 6,120 | 244820 | 24.08.2017 |
| 03.08.2017 മുതൽ 02.09.2017 വരെ | 8,000 | 244881 | 08.09.2017 |
| 03.09.2017 മുതൽ 02.10.2017 വരെ | 8,000 | 244989 | 06.10.2017 |
| 03.10.2017 മുതൽ 02.11.2017 വരെ | 8,000 | 245150 | 13.11.2017 |
| 03.11.2017 മുതൽ 02.12.2017 വരെ | 8,000 | 245325 | 08.12.2017 |
| 03.12.2017 മുതൽ 02.01.2018 വരെ | 8,000 | 888508 | 11.01.2018 |
| 03.01.2018 മുതൽ 02.02.2018 വരെ | 8,000 | 888609 | 14.02.2018 |
| 03.02.2018 മുതൽ | 8,000 | 26287 | 24.04.2018 |

| | | | |
|---|---|---|---|
| 02.03.2018 വരെ | | | |
| ആകെ | 62,120 | | |

ബി) വാടകവീടിന്റെ വൈദ്യുതി ചാർജ് ഇനത്തിലും തുക ചെലവഴിച്ചിട്ടുണ്ട്.

ഇപ്രകാരം വൈദ്യുതി ചാർജ് ഇനത്തിൽ ചെലവ് ചെയ്ത തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു. (ക്യാഷ് പേയ്മെന്റ്)

| തീയതി | തുക |
|---|---|
| 16.08.2017 | 1,880 |
| 17.10.2017 | 7,040 |
| 11.12.2017 | 4,510 |
| 08.02.2018 | 3,420 |
| 12.04.2018 | 6,400 |
| ആകെ | 23,250 |

വാട്ടർ ചാർജിനത്തിൽ തുക നല്കിയിട്ടുണ്ടോയെന്ന് വ്യക്തമല്ല. മറുപടിയിൽ പ്രസ്തുത വിവരം ലഭ്യമാക്കിയില്ല.

<u>കരാർ നിബന്ധന പാലിക്കാഞ്ഞതിനാൽ പെഡസ്റ്റൽ നിർമ്മാണത്തിന് അധികച്ചെലവ്</u>

പെഡസ്റ്റൽ ഉൾപ്പെടെ പ്രതിമ നിർമ്മിച്ച് സ്ഥാപിക്കുന്നതിനുവേണ്ടിയാണ് ശ്രീ. ജീവൻ തോമസുമായി കരാർവച്ചിട്ടുള്ളത്. എന്നാൽ പ്രതിമ സ്ഥാപിക്കുന്നതിനുള്ള പീഠം തയ്യാറാക്കുന്നതിന് 16000/- രൂപ കൂടി അനുവദിച്ചിട്ടുണ്ട് (ചെക്ക് നമ്പർ 245022/12.10.2017).

സ്ഥലം കിട്ടിയതിനുശേഷവും വീണ്ടും കാലതാമസം വരാതിരിക്കുന്നതിനായി പ്രസ്തുത ജോലി പൂർത്തീകരിക്കേണ്ടുന്ന ബാദ്ധ്യത അക്കാദമിക്ക് വരികയുണ്ടായെന്നും ഇക്കാര്യം നിർവ്വാഹക സമിതി പരിശോധിച്ച് അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ശില്പിക്ക് നൽകാതെ പെഡസ്റ്റലിന്റെ ജോലികൾ അക്കാദമി നേരിട്ട് നടത്തുകയാണുണ്ടായതെന്നുമാണ് വിശദീകരണം.

<u>വരുമാന മാർഗമില്ലായെന്ന കാരണത്താൽ ശില്പിക്ക് ദൈനം ദിന ചെലവിന് തുക നല്കി</u>

ഒ.പി. നമ്പർ 1217/2017/കെ.എസ്.സി.എ തീയതി 01.12.2017-ാം നമ്പർ നടപടിക്രമത്തിൽ ചുവടെ ചേർക്കും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

“ജീവൻതോമസിന് നൽകാനുള്ള തുക തീർന്നതിനാലും തിരുവനന്തപുരത്ത് നിന്നും ടിയാന് ജോലി തുടരേണ്ടതിനാലും മറ്റ് വരുമാന മാർഗങ്ങളൊന്നുമില്ലാത്ത സ്ഥിതിക്ക് മാനുഷിക പരിഗണനയെന്നനിലയിൽ ആഹാരത്തിന് മാത്രമായി ദിവസം 300 രൂപ ക്രമത്തിൽ നൽകാൻ ഭരണസമിതി (20.11.2017ലെ 117-ാമത് ) തീരുമാനിച്ചു. 20.11.2017 മുതൽ നവംബർ 30 വരെയുള്ള 11 ദിവസത്തേയ്ക്ക 3300/- രൂപ അനുവദിച്ചു".

ഇപ്രകാരം ചെലവ് ചെയ്ത തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ചെക്ക് നമ്പർ | തീയതി | തുക |
|---|---|---|
| 245280 | 02.12.2017 | 3,300 |
| 888509 | 05.01.2018 | 9,300 |
| 888575 | 24.01.2018 | 4,500 |

| | | |
|---|---|---|
| 888674 | 16.02.2018 | 4,800 |
| 888860 | 14.03.2018 | 8,400 |
| 888975 | 11.04.2018 | 9,300 |
| 26333 | 08.05.2018 | 11,400 |
| ആകെ | | 51,000 |

പ്രതിമ നിർമ്മാണം വൈകിപ്പിച്ച് അക്കാദമിയിൽ നിന്ന് ആദ്യ കരാർ പ്രകാരമുള്ള തുകയേക്കാൾ ലക്ഷക്കണക്കിന് രൂപ കൈപ്പറ്റിയ വ്യക്തിക്ക് ഇപ്രകാരം തുക അനുവദിച്ചത് ന്യായീകരിക്കത്തക്കതല്ല.

ശില്പിക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചില്ല

സാംസ്കാരിക കാര്യ വകുപ്പ് സെക്രട്ടറിയുടെ 5558/എ3/13/സി.എ.ഡി തീയതി 25.07.2014-ാം നമ്പർ കത്ത് പ്രകാരം ശ്രീ. ജീവൻ തോമസിനെതിരെ ക്രിമിനൽ നടപടി ആരംഭിക്കാൻ അനുമതി നൽകിയിരുന്നു. എന്നാൽ അപ്രകാരം നടപടികളൊന്നും സ്വീകരിച്ചില്ല.

ശില്പിയുമായി സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ എത്രയും വേഗം പ്രതിമ നിർമ്മാണം പൂർത്തീകരിക്കുന്നതാണെന്ന് ഉറപ്പ് നൽകുകയും നിർമ്മാണം പുനരാരംഭിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് നടപടികൾ സ്വീകരിക്കാതിരുന്നതെന്ന് വിശദീകരിച്ചിട്ടുണ്ട്. ഏകദേശം മൂന്ന് വർഷം കഴിഞ്ഞാണ് പ്രതിമയുടെ നിർമ്മാണം പൂർത്തീകരിച്ച് അനാച്ഛാദനം നടന്നതെന്നതിനാൽ ശില്പിക്കെതിരെ നടപടിയെടുക്കാഞ്ഞത് അംഗീകരിക്കാവുന്നതല്ല.

നിർമ്മാണത്തിനാവശ്യമായ തുകയുടെ കോർപ്പറേഷൻ വിഹിതം ലഭ്യമായില്ല

പ്രതിമ നിർമ്മാണ ചുമതല അക്കാദമിയെ ഏല്പിച്ചുകൊണ്ടുള്ള 26.07.2010ലെ സർക്കാർ ഉത്തരവിൽ നിർമ്മാണ ചെലവ് ചുവടെ ചേർക്കുംപ്രകാരം വഹിക്കണമെന്ന് നിർദ്ദേശം നൽകിയിരുന്നു.

| | |
|---|---|
| തിരുവനന്തപുരം കോർപ്പറേഷൻ | 5ലക്ഷം രൂപ |
| കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ | 4 ലക്ഷം രൂപ |
| ചലച്ചിത്ര അക്കാദമി | 4 ലക്ഷം രൂപ |

ചലച്ചിത്ര വികസന കോർപ്പറേഷന്റെ വിഹിതം 028149, 028150 എന്നീ ചെക്കുകൾ പ്രകാരം ലഭ്യമാക്കി. എന്നാൽ തിരുവനന്തപുരം കോർപ്പറേഷന്റെ വിഹിതം നാളിതുവരെ ലഭിച്ചിട്ടില്ല. തുക ലഭിക്കുന്നതിനായി തുടർച്ചയായി കത്തുകൾ നൽകുകയും മേയർ പങ്കെടുത്ത യോഗത്തിലുൾപ്പെടെ അറിയിക്കുകയും ചെയ്തെങ്കിലും കോർപ്പറേഷൻ വിഹിതം ലഭിച്ചിട്ടില്ലായെന്നും വീണ്ടും 01.12.2020ന് കത്ത് നൽകിയിട്ടുള്ളതായും വിശദീകരിച്ചിട്ടുണ്ട്. കോർപ്പറേഷൻ വിഹിതം ലഭ്യമാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-10 സംസ്ഥാന ചലച്ചിത്ര അവാർഡ് - 2016 - നടപടിക്രമങ്ങളിലെ അപാകതകൾ

സൂചന : ഫയൽ നമ്പർ കെ.എസ്.സി.എ./ ജി/ 2790/16

2016ലെ സംസ്ഥാന ഫിലിം അവാർഡ് വിതരണം തലശ്ശേരിയിൽ വച്ച നടത്തുകയുണ്ടായി. ചലച്ചിത്രങ്ങളുടെ സ്ക്രീനിംഗ് കിൻഫ്ര ഫിലിം & വീഡിയോ പാർക്കിൽ വച്ചാണ് നടത്തിയത്. നടപടിക്രമങ്ങളിൽ നിലവിലുള്ള ചട്ടങ്ങളും നിയമങ്ങളും മാന്വലുകളും പാലിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല.

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സ്റ്റോർ പർച്ചേസ് മാന്വൽ പാലിക്കുന്നില്ല

ചലച്ചിത്ര അവാർഡുമായി ബന്ധപ്പെട്ട് വിവിധ സേവനങ്ങൾക്കായി ചുവടെ ചേർക്കുന്ന ഏജൻസികളെ നിയോഗിച്ചിരുന്നു.

| ഇനം | ഏല്പിച്ച ഏജൻസി | ഏല്പിക്കാനുണ്ടായ സാഹചര്യം വിശദീകരിച്ചത് (ഓഡിറ്റ് എൻക്വയറി നമ്പർ 22/20.11.2020ന്റെ മറുപടി പ്രകാരം) |
|---|---|---|
| എൻട്രി ഫോമുകൾ, നിയമാവലി മുതലായവയുടെ പ്രിന്റിംഗ് | അക്ഷര ഓഫ് സെറ്റ് | പ്രസ്തുത വർഷത്തെ പ്രിന്റിംഗ് സംബന്ധമായ ജോലികൾ പൂർണമായും ക്വട്ടേഷൻ മുഖേന ഏല്പിച്ചത് അക്ഷര ഓഫ് സെറ്റിനെയാണ്. (ക്വട്ടേഷൻ ഫയൽ പരിശോധനക്ക് ലഭ്യമാക്കിയില്ല) |
| ഭക്ഷണം | അക്ഷയ കാറ്ററിംഗ് | കിൻഫ്ര ക്യാമ്പസിനകത്ത് ഭക്ഷണ വിതരണം നടത്താൻ അനുമതിയുണ്ടായിരുന്നത് അക്ഷയ കാറ്ററിംഗിന് മാത്രമായിരുന്നു. |
| പ്രൊജക്ടർ | ക്യൂബ് സിനിമ ടെക്നോളജീസ് | 2K DCP content ഉള്ള ചലച്ചിത്രങ്ങൾ 2K പ്രോജക്ടറിൽ മാത്രമേ സ്ക്രീൻ ചെയ്യാൻ കഴിയുകയുള്ളൂ. 2K പ്രോജക്ടർ നൽകുന്നത് ക്യൂബ് സിനിമ ടെക്നോളജീസ്, യു.എഫ്.ഒ. എന്നീ രണ്ട് കമ്പനികൾ മാത്രമാണ്. യു.എഫ്.ഒ. വാടകയ്ക്ക് നൽകാൻ തയ്യാറായില്ല. |
| ജ്യൂറി അംഗങ്ങൾക്കുള്ള ബാഗ് | ചെല്ലം അംബ്രല്ലാ മാർട്ട് | ജ്യൂറി അംഗങ്ങൾക്ക് ഒരേ ഡിസൈനിലുള്ള 10 ബാഗുകൾ കിട്ടുന്ന സ്ഥലം ചെല്ലം അംബ്രല്ലാ മാർട്ട് ആണ്. |
| വാഹനങ്ങൾ | സൌപർണിക ടൂർസ് & ട്രാവൽസ് | പ്രസ്തുത വർഷത്തെ വാഹന സംബന്ധമായ സേവനങ്ങൾ പൂർണമായും ക്വട്ടേഷൻ മുഖേന ഏല്പിച്ചത് പ്രസ്തുത സ്ഥാപനത്തെയാണ്. (ക്വട്ടേഷൻ ഫയൽ പരിശോധനക്ക് ലഭ്യമാക്കിയില്ല) |

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സ്റ്റോർ പർച്ചേസ് മാന്വൽ കർശനമായും പാലിക്കേണ്ടതാണ്.

സ്ക്രീനിംഗിനായി തിയേറ്റർ വാടക നൽകിയതിന് വ്യക്തതയില്ല

സിനിമകളുടെ സ്ക്രീനിംഗിനായി കിൻഫ്ര വീഡിയോ പാർക്കിലെ തിയേറ്റർ വാടകയ്ക്കെടുത്ത വകയിൽ 233450/- രൂപയുടെ ചെലവുണ്ട്. ഒരു പ്രദർശനത്തിന് (പരമാവധി 3 മണിക്കൂർ) 3500/- രൂപയും 5% ശതമാനം സർവ്വീസ് ചാർജ്ജുമാണ് ആവശ്യപ്പെട്ടിരുന്നത്. 21.02.2017 മുതൽ 05.03.2017 വരെയുള്ള 13 ദിവസങ്ങളിൽ 5 വീതം ചിത്രങ്ങളുടെ സ്ക്രീനിംഗ് നടത്തുകയുണ്ടായി. കിൻഫ്ര ഫിലിം & വീഡിയോ പാർക്കിന്റെ 13.03.2017ലെ കത്ത് പ്രകാരം 233450/- രൂപ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ വിശദമായ ബിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ലഭ്യമാക്കിയ സ്ക്രീനിംഗ് ഷെഡ്യൂൾ, ലോഗ് ബുക്ക് എന്നിവ പ്രകാരം ശരാശരി

ഒന്നര മുതൽ രണ്ട് മണിക്കൂർ വരെ ദൈർഘ്യമുള്ള ചിത്രങ്ങളാണ് പ്രദർശിപ്പിച്ചിട്ടുള്ളത്. വിശദമായ ബില്ലിന്റെ അഭാവത്തിൽ ചെലവിന്റെ സാധുത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

<u>അവാർഡ് വിതരണ ചടങ്ങിനായി നല്കിയ മുൻകൂർ ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല</u>

ചലച്ചിത്ര അവാർഡ് വിതരണവുമായി ബന്ധപ്പെട്ട് രൂപീകരിക്കപ്പെട്ട സ്വാഗത സംഘത്തിന് ചുവടെ ചേർക്കും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.(SBI അക്കൌണ്ട് നമ്പർ 10270825382ന്റെ ടാലി ബാങ്ക് ബുക്കിൽ ചെക്ക് നമ്പർ ഉൾപ്പെടുത്തിയിട്ടില്ല. ഫയൽ, ടാലി ബാങ്ക് ബുക്ക് എന്നിവയിലെ വിവരമാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്)

| ചെക്ക് നമ്പർ | തുക |
|---|---|
| ലഭ്യമല്ല/14.08.2017 | 1,50,000 |
| ലഭ്യമല്ല/28.08.2017 | 2,50,000 |
| ലഭ്യമല്ല/14.08.2017 | 4,50,000 |
| 244857/30.08.2017 | 7,00,000 |
| 244861/30.08.2017 | 3,00,000 |
| 244868/02.09.2017 | 5,00,000 |
| ലഭ്യമല്ല/08.09.2017 | 25,00,000 |
| ആകെ | 48,50,000 |

പ്രസ്തുത തുക ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 31/20.11.2020) മറുപടിയായി മുൻകൂർ തുകകൾ നൽകിയതിന്റെ നടപടിക്രമങ്ങളാണ് ലഭ്യമാക്കിയത്. ചെലവ് രേഖകളുടെ അഭാവത്തിൽ 4850000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

<u>ഓഫർ ചെയ്യപ്പെട്ട സ്പോൺസർഷിപ്പ് തുക ലഭ്യമാക്കിയില്ല</u>

ചലച്ചിത്ര അവാർഡുമായി ബന്ധപ്പെട്ട് സ്പോൺസർഷിപ്പിനത്തിൽ ഓഫർ ലഭിച്ച തുക നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു (അവലംബം- ഓഡിറ്റ് എൻക്വയറി നമ്പർ 31/20.11.2020ന്റെ മറുപടി)

| ക്രമ നമ്പർ | ഓഫർ ചെയ്ത വ്യക്തി/ സ്ഥാപനം | ഓഫർ ചെയ്ത തുക | റിമാർക്സ് |
|---|---|---|---|
| 1 | ഇൻസൈറ്റ് മീഡിയ സിറ്റി ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് | 8,10,000 | കരാർ സംഘാടക സമിതിയുമായിട്ടായിരുന്നുവെന്നും സംഘാടക സമിതി പിരിച്ചുവിടുകയും അക്കൌണ്ട് ക്ലോസ് ചെയ്യുകയും ചെയ്ത സാഹചര്യത്തിൽ സ്ഥാപനം തുക നൽകിയില്ലായെന്നും തുക ലഭ്യമാക്കാൻ ശ്രമിച്ചുവരുന്നുവെന്നും വിശദീകരിച്ചിട്ടുണ്ട്. |
| 2 | മലബാർ സിമന്റ്സ് | 5,00,000 | സ്ഥാപനം സാമ്പത്തിക പ്രതിസന്ധിയിലായതിനാലാണ് തുക നൽകാൻ കഴിയാത്തതെന്ന് അനൌദ്യോഗികമായി അറിയിച്ചിരുന്നതായും തുക ലഭ്യമാക്കാനുള്ള ശ്രമങ്ങൾ നടത്തി വരികയാണെന്നും അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ആകെ | | 13,10,000 | |

ബ്രാന്റ് ചെയ്യപ്പെട്ട സ്ഥാപനങ്ങൾ ഓഫർ ചെയ്ത സ്പോൺസർഷിപ്പ് തുക ലഭ്യമാക്കാതിരിക്കുന്നത് ശരിയായ പ്രവണതയല്ല. സ്പോൺസർമാരുമായി വ്യക്തമായ കരാറുണ്ടാക്കുന്നതുപോലുള്ള ഉചിതമായ നടപടികൾ സ്വീകരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതും തൻ വർഷം ഓഫർ ചെയ്യപ്പെട്ട 1310000/- രൂപ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-11 TDS യഥാസമയം ഒടുക്കുവരുത്തുന്നില്ല.

ആദായ നികുതിയിനത്തിൽ സ്രോതസിൽ കുറവ് ചെയ്യുന്ന തുക യഥാസമയം ഒടുക്ക് വരുത്താഞ്ഞതിനാൽ പിഴതുക ഒടുക്കേണ്ടി വന്നിട്ടുണ്ട്.

എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 09.06.2017യോഗ മിനിട്സിൽ, മുൻവർഷങ്ങളിലെ TDS തുകകൾ അതത് മാസങ്ങളിൽ ഒടുക്കുന്നതിലും റിട്ടേൺ ഫയൽ ചെയ്യുന്നതിലുമുള്ള കാലതാമസം കണക്കിലെടുത്ത് ആയതിന്റെ പലിശ, പിഴപ്പലിശ എന്നിവ ഉൾപ്പെടെ 11,34,242/- രൂപ അടയ്ക്കാൻ കത്ത് വന്നിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.

2008-09 മുതൽ 2019-20 വരെയുള്ള കാലയളവിൽ കരാറുകാരുടെ TDS പിടിച്ചത് ഷോർട്ട് ഡിഡക്ഷൻ ആയതിന്റെയും TDS ഫയൽ ചെയ്തത് വൈകിയിതിന്റെയും പിഴതുകയായി 16,57,410/- രൂപ അടയ്ക്കാൻ ആദായനികുതി വകുപ്പിൽ നിന്ന് അറിയിപ്പ് വരികയും TDS സംബന്ധമായ ജോലികൾ ചെയ്യുന്ന രഞ്ജിത്ത് കാർത്തികേയൻ അസോസിയേറ്റ്സ് ഫയൽ പരിശോധിക്കുകയും TDS ഫയൽ ചെയ്തതിന്റെ പിഴതുകയായി 6,37,182/- രൂപ അടയ്ക്കണമെന്ന് അറിയിക്കുകയും ചെയ്തു. പ്രസ്തുത തുക അക്കാദമിയുടെ ഓൺലൈൻ അക്കൌണ്ടായ 33622036811 ലേക്ക് മാറ്റാനും ആദായനികുതി ഓഫീസിൽ ഓൺലൈനായി അടയ്ക്കാനും ഒ.പി.നമ്പർ 231/2020/കെ.എസ്.സി.എ. തീയതി 21.02.2020 പ്രകാരം ഉത്തരവായിട്ടുണ്ട്. വിവിധ ചെല്ലാനുകൾ പ്രകാരം 6,37,978/- രൂപ 03.03.2020ന് ഓൺലൈനായി ഒടുക്ക് വരുത്തിയിട്ടുണ്ട്.

2017-18 വർഷം TDS തുക യഥാസമയം ഒടുക്ക് വരുത്താഞ്ഞതിനാൽ പിഴപ്പലിശയിനത്തിൽ 4135/- രൂപ ഒടുക്ക് വരുത്തിയതായി സ്ഥാപനം അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 24/20.11.2020ന്റെ മറുപടി).

വർഷങ്ങളായി ആദായനികുതിയിനത്തിൽ ഈടാക്കുന്ന തുക യഥാസമയം ഒടുക്കാതിരുന്നത് ക്രമവിരുദ്ധമാണ്. പിഴയിനത്തിൽ ചെലവായ തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കി ഫണ്ടിൽ കൂട്ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-12 ചലച്ചിത്ര അക്കാദമി സ്ഥിതി ചെയ്യുന്ന സ്ഥലം - കൈമാറൽ നിയമപരമായിട്ടില്ല – എഗ്രിമെന്റിൽ നിന്ന് മാറി പാട്ടകരാർ തയ്യാറാക്കിയിട്ടില്ല

ഫിലിം മ്യൂസിയം & ആർക്കൈവ്സ് ആരംഭിക്കുന്നതിനായി 90 വർഷത്തെ പാട്ടത്തിന് 2 ഏക്കർ സ്ഥലം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ചലച്ചിത്ര അക്കാദമി 13.07.2005-ൽ കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷനുമായി ലൈസൻസ് കരാർ ഒപ്പിട്ടു (KIN/BSD/A LOT/SSU/TVM (12 2005-06/LIC). കരാർ പ്രകാരം ലീസ് പ്രീമിയമായി 33,98,000/- രൂപയും EMD ആയി ലീസ് പ്രീമിയത്തിന്റെ 10% തുകയും നൽകേണ്ടതുണ്ട്. ലീസ് പ്രീമിയത്തിന്റെ 50% തുക കരാർ ഒപ്പിടുന്ന ദിവസവും ബാക്കി തുക രണ്ടു വർഷത്തിനുള്ളിൽ രണ്ട് തുല്യ ഗഡുക്കളായും നൽകുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. മറ്റു പ്രധാന വ്യവസ്ഥകൾ താഴെ പറയുന്നു.

1. കരാർ പത്രത്തിലെ പേജ് 9 ലെ ക്രമനമ്പർ 4 പ്രകാരം സമയബന്ധിതമായി തുകകൾ അടവാക്കാത്തപക്ഷം 11.25% പലിശ ഈടാക്കുന്നതാണ്.

2. പേജ് 3-ലെ ക്രമനമ്പർ 3 പ്രകാരം If a lease deed is executed between the parties in respect of the said land as have in contemplated, the EMD will be adjusted against the premium payable in respect of the lease at the time of execution and registration of the lease deed.

3. കരാർ പത്രത്തിലെ പേജ് 9-ലെ ക്രമനമ്പർ 5 പ്രകാരം 'The Lessee shall pay the Lessor the proportionate cost of maintenance of common facilities such as maintenance of roads, provision of lighting etc as well as the cost of administration. The bills in respect of this will/normally be sent every month and should be paid by the Lessee with in seven days of receipt of the same failing which interest at 11.25% per annum will have to be paid up to the date of payment.

4.പേജ് 6-ലെ ക്രമനമ്പർ (1) പ്രകാരം " The Licensee shall be entitled to enter upon the land licenced to it /him only for the construction of the building for setting up film museum and archives.

മേല്പറഞ്ഞ വ്യവസ്ഥകൾ അംഗീകരിച്ച് ഒപ്പിട്ടുള്ള ചലച്ചിത്ര അക്കാദമി കരാർ വ്യവസ്ഥകൾ ലംഘിച്ചുവെന്ന വസ്തുത നിലനിൽക്കുന്നുണ്ട്. ലീസ് പ്രീമിയം അടവാക്കുന്നതിലെ വീഴ്ച താഴെ പറയുന്ന പട്ടികയിൽ നിന്നു വെളിവാകുന്നുണ്ട്.

| KINFRA ക്ക് നൽകേണ്ട തുക | നൽകിയ തുക | വ്യത്യാസം | നൽകേണ്ട തീയതി | നൽകിയ തീയതി | കാല താമസം | റിമാർക്സ് |
|---|---|---|---|---|---|---|
| 16,99,020 ആകെതുകയുടെ 50% | 16,99,020 | ഇല്ല | 13.07.05 | 13.07.05 | ഇല്ല | |
| 8,49,500 | 5,00,000 | (-)3,49,500 | 12.07.06 | 03.10.08 | 2 വർഷം 2 മാസം 22 ദിവസം | |
| 8,49,500 | 11,99,020 | (+)349,500 | 12.07.07 | 28.03.09 | 1 വർഷം 9 മാസം 15ദിവസം | |
| 3,39,800 EMD | 3,39,800 | ഇല്ല | 13.07.05 | 13.07.05 | ഇല്ല | |

ചലച്ചിത്ര അക്കാദമി നൽകിയ രണ്ടാം ഗഡുവിനും മൂന്നാം ഗഡുവിനും നൽകേണ്ടതായ പലിശ കണക്കാക്കി ലീസ് പ്രീമിയം എന്ന ഹെഡിൽ അടവാക്കിയ തുകയിൽ നിന്നും കുറവ് ചെയ്ത്, ബാക്കി തുകയായി 9,04,331/- രൂപ അടവാക്കാനുണ്ടെന്നാണ് 01.07.2017 ലെ KFVP/9/32/532(2)/17-18 -ാം നമ്പർ കത്ത് പ്രകാരം കിൻഫ്ര ഫിലിം & മീഡിയോ പാർക്ക് അറിയിച്ചിട്ടുള്ളത്.

13.07.2005 ൽ തയ്യാറാക്കപ്പെട്ട ലൈസൻസ് എഗ്രിമെന്റ് പ്രകാരം 2 വർഷത്തിനു ശേഷം പാട്ടകരാറിലേയ്ക്ക് നീങ്ങേണ്ടതുണ്ട്. എന്നാൽ 2005 മുതലുള്ള ഭരണസമിതികൾ 90 വർഷത്തെ പാട്ടകരാറിലേർപ്പെടാനുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. പിഴ പലിശ ഒഴിവാക്കി തരുന്നതിനും കെട്ടിടം നിർമ്മിച്ചതിനു മുൻപുള്ള കോമൺ ഫെസിലിറ്റി ചാർജ് ഒഴിവാക്കി തരുന്നതിനുമായി റവന്യൂ വകുപ്പിനോട്

അഭ്യർത്ഥിക്കുവാനം, ഈ കാര്യത്തിൽ സർക്കാർ നിർദ്ദേശം ലഭ്യമാക്കുന്നതിനുമായി 12.07.2017 ൽ കെ.സി.എസ്.എ/എ1/1430/09-ാം നമ്പർ കത്ത് മുഖേന സെക്രട്ടറി സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ കത്തിന്മേൽ സർക്കാരിന്റെ നിർദ്ദേശം നാളിതുവരെ ലഭ്യമായിട്ടില്ല.

പാട്ടക്കരാറിന്റെ അഭാവത്തിലാണ് അക്കാദമിയുടെ കെട്ടിട സമുച്ചയം നിലനിൽക്കുന്നത്. ആയതിനാൽ License agreement ൽ നിന്ന് Lease deed ലേക്ക് മാറേണ്ടതുണ്ട്. സർക്കാർ നിർദ്ദേശം ലഭ്യമാക്കി ഭരണസമിതി പാട്ടകരാർ തയ്യാറാക്കേണ്ടതും ഈ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 3-13 ഹാബിറ്റാറ്റ് മുഖേന നിർമ്മിച്ച കെട്ടിടം - സെന്റേജ് ചാർജിൽ കുറവ് വരുത്താൻ ശ്രമങ്ങൾ ഉണ്ടാകണം

ഇന്റർനാഷണൽ ഫിലിം സ്റ്റഡി റിസർച്ച് സെന്റർ & ഡിജിറ്റൽ ആർക്കൈവ്സ് സെന്ററിന്റെ നിർമ്മാണങ്ങൾക്കായി അക്രെഡിറ്റഡ് ഏജൻസിയായ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെ ഏൽപ്പിക്കുകയുണ്ടായി. ഹാബിറ്റാറ്റുമായി ഏർപ്പെട്ടിട്ടുള്ള 19.08.2017-ലെ കരാറിലെ പ്രധാന വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

1) Measurements for the works shall be taken at regular intervals in the presence Technical representative of the first party & the bills will be prepared and check measured by qualified Engineers at Habitat.

2) The centage charges for the executive agency shall be 7% of the actual cost.

3)ഹാബിറ്റാറ്റ് ലഭ്യമാക്കേണ്ട സേവനങ്ങളിൽ Designing, Preparation of Estimate എന്നിവ ഉൾപ്പെടുന്നു.

30.07.2014-ലെ G.O(P) 311/14/Fin പ്രകാരം "The Centage charges for works entrusted to agencies for takingup the works including planning, designing, tendering, supervising and handing over shall be 7% on all works below Rs.3 Crores upto Rs.1 Crore. സെന്റേജ് ചാർജ് നൽകുന്നതിൽ ടെണ്ടറിംഗ് ക്രമം ഉൾപ്പെടുന്നുണ്ടെങ്കിലും ഹാബിറ്റാറ്റ് നേരിട്ടാണ് പ്രവൃത്തി നിർവ്വഹണം നടത്തിയിട്ടുള്ളത്. ബില്ലുകളുടെ പരിശോധനയും, സൂപ്പർവൈസിംഗും കരാർ പ്രകാരം ഹാബിറ്റാറ്റിൽ നിക്ഷിപ്തമായിരിക്കെ തന്നെ അക്കാദമി ടെക്നിക്കൽ സപ്പോർട്ടറായി 20.10.2017-ന് കൂടിയ 116-ാമത് ഭരണസമിതിയോഗ തീരുമാനപ്രകാരം ശ്രീ.സണ്ണി എബ്രഹാമിനെ 25000/- രൂപ പ്രതിമാസവേതന നിരക്കിൽ നിയമിക്കുകയും ഇദ്ദേഹം സൂപ്പർവിഷൻ നടത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ പ്രവൃത്തിയുടെ ചെലവു തുക പൂർണമായി കൈമാറാത്ത സാഹചര്യത്തിൽ സെന്റേജ് ചാർജിൽ ഉൾപ്പെടുന്ന "tendering" നടക്കാത്തതിന്റേയും Check Measurement ഹാബിറ്റാറ്റ് നടത്താത്തതിന്റേയും സാഹചര്യം ചൂണ്ടിക്കാട്ടി സെന്റേജ് ചാർജിൽ കുറവുവരുത്താനുള്ള ശ്രമങ്ങൾ അക്കാദമി നടത്തേണ്ടതാണ്.

അതിലുപരിയായി കെട്ടിടവുമായി ബന്ധപ്പെട്ട് മറ്റു വകുപ്പുകളിൽ നിന്നും ലഭ്യമായിട്ടുള്ള സർട്ടിഫിക്കറ്റുകളും രേഖകളും Habitat, KINFRA എന്നിവിടങ്ങളിൽ നിന്നും ലഭ്യമാക്കി ചലച്ചിത്ര അക്കാദമി സൂക്ഷിക്കേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സാമ്പത്തിക നില

സ്ഥാപനം ലഭ്യമാക്കിയ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള സാമ്പത്തിക നില ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 4,80,28,676.44 |
| | |

| | |
|---|---|
| വരവ് | 13,73,62,707.75 |
| ആകെ | 18,53,91,384.19 |
| ചെലവ് | 15,46,60,866.16 |
| നീക്കിയിരിപ്പ് | 30,73,05,180.03 |

## 4-2 ഓഡിറ്റ് ചാർജ്

2017-18 വർഷത്തെ ഓഡിറ്റ് ചാർജ് കണക്കാക്കുന്നതിന് താഴെപ്പറയുന്ന വരവുകൾ എടുത്തിരിക്കുന്നു.

| ഇനം | തുക |
|---|---|
| സർവ്വീസ് ചാർജ് ലഭിച്ചത് | 48,25,249.75 |
| ഫെസ്റ്റിവൽ കളക്ഷൻ | 681,9,587.00 |
| ഫിലിം സ്പോൺസർഷിപ്പ് തുക | 9,80,000.00 |
| മറ്റ് വരവുകൾ | 84,65,714.00 |
| ആകെ | 2,10,90,550.75 |
| ഓഡിറ്റ് ചാർജ്ജ് 1% | 2,10,906.00 |
| 31.3.17 ൽ ഒടുക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് ചാർജ് | 10,25,717.00 |
| 2017-18 വർഷത്തെ ഓഡിറ്റ് ചാർജ് | 2,10,906.00 |
| 2017-18 വർഷം ഒടുക്കിയ ഓഡിറ്റ് ചാർജ് | ഇല്ല |
| 31.03.2018 ൽ ഒടുക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ചാർജ്ജ് | 12,36,623 |

ഓഡിറ്റ് ചാർജായി ആകെ 12,36,623/- രൂപ 0070-60-110-99 ഓഡിറ്റ് ചാർജ്ജ് എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കി വിവരം ഒറിജിനൽ ചലാൻ സഹിതം ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ അയച്ചുകൊടുക്കേണ്ടതും പകർപ്പ് ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതുമാണ്.

## 4-3 ഓഡിറ്റ് പ്രത്യവലോകനം

<u>എ) സംക്ഷിപ്ത വിവരം</u>

| | |
|---|---|
| ആകെ വരവ് | 13,73,62,707.75 |
| ആകെ ചെലവ് | 15,46,60,866.16 |
| വരവിനത്തിലുള്ള നഷ്ടം | 35,000 |
| നിരാകരിച്ച തുക | 50,000 |
| തടസ്സപ്പെടുത്തിയ തുക | 57,39,600 |

ബി) സ്ഥാപനത്തിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | വരവിനത്തിലുള്ള നഷ്ടം | നിരാകരിച്ച തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും. |
|---|---|---|---|
| 3-4 | | 50,000 | ശ്രീ. മഹേഷ്.ബി. (പഞ്ചു), സെക്രട്ടറി |

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 8,89,600 | ശ്രീ. മഹേഷ്.ബി. (പഞ്ചു) |
| 3-10 | 48,50,000 | ശ്രീ. മഹേഷ്.ബി. (പഞ്ചു) |
| ആകെ | 57,39,600 | |

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

അനുബന്ധം - 1

Receipt and Payment Statement

# കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി

RECIEPT AND PAYMENT ACCOUNTS FOR THE PERIOD ENDED 31.03.2018

(സ്ഥാപനം ലഭ്യമാക്കിയ വരവ് ചെലവ് പത്രിക പ്രകാരമുള്ളത്)

| Reciepts | SubSch | Amount | Payments | SubSch | Amount |
|---|---|---|---|---|---|
| Opening Balance: | | | Advance and Deposits | L | 8901335.00 |
| Cash | | 252298.00 | Current Liabilities | M | 110065708.00 |
| Bank | J | 47776378.44 | Other Assets | | 1078860.00 |
| Advance Received | | 2810965.00 | Fixed Assets | | 84901.00 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| Recievables Recieved | | 727148.00 | Repayment | | 59.16 |
| Other Receipts | | 888945.00 | Expenses | N | 34530003.00 |
| Income Recieved | K | 111285181.75 | Closing Balance: | | |
| F D matured | | 20454798.00 | Cash | | 606455.00 |
| Other Collections | | 1195670.00 | Bank | O | 30084063.03 |
| | | | Suspense | | 40000.00 |
| Total | | 185391384.19 | Total | | 185391384.19 |

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

ബി.റ്റി.3.3.20